Since 1987
ബഥേൽ പത്രിക
ചെങ്ങന്നൂർ ഭദ്രാസന മുഖപത്രം
ജൂലൈ 2023
വാല്യം 35 ലക്കം 7

70th Year of Demise 03/07/2023

Our Dearest Pappa

K.G. PHILIP

KOCHUKADANTHOTTIL
CHENGANNUR.

And In Loving Memory of,

Chinnamma



Daisykutty



Unnimon

എഡിറ്റോറിയൽ

ഫാ. മാത്യു വർഗീസ് പുളിമൂട്ടിൽ

മണിപ്പൂരിലെ ജനങ്ങളുടെ ജീവിതം ഏറെ ദുസഹമായിരിക്കുന്ന ഒരു സാഹചര്യത്തിലൂടെയാണ് നാം കടന്നു പോകുന്നത്. ദിവസങ്ങളോളമായി തുടരുന്ന കലാപത്തിൽ ഒട്ടേറെ വീടുകളും വാഹനങ്ങളും ആരാധനാലയങ്ങളും നശിപ്പിക്കപ്പെട്ടു. ജനിച്ചു വീണ മണ്ണിൽ നിന്നും പലായനം ചെയ്യേണ്ടി വരുന്ന അവസ്ഥയിലേക്ക് ജനങ്ങൾ എത്തിയിരിക്കുന്നു. മെയ്ത്തി, കുക്കി വിഭാഗങ്ങൾ തമ്മിലുള്ള സംഘർഷത്തെ വർഗീയ വൽക്കരിക്കുവാനും വോട്ടു ബാങ്ക് ലക്ഷ്യമാക്കി ഭൂരിപക്ഷ പ്രീണനം നടത്തുവാനും ചില രാഷ്ട്രീയ പ്രസ്ഥാനങ്ങൾ ശ്രമിക്കുന്നു എന്നത് ഏറെ ആശങ്കയുളവാക്കുന്നു. ന്യൂനപക്ഷങ്ങളായ വിവിധ ക്രൈസ്തവ വിഭാഗങ്ങളുടെ പള്ളികൾ സംഘർഷത്തിന്റെ മറവിൽ കത്തിക്കുകയും അതുവഴി ആരാധന സ്വാതന്ത്ര്യം മുടക്കുന്നതും രാജ്യത്തിന്റെ മതേതരത്വത്തിന് ഏറെ വെല്ലുവിളിയാണ് ഉയർത്തുന്നത്. പരിശുദ്ധ സഭ നൂറ്റാണ്ടുകളായി അനുഭവിച്ച പീഢന വഴികളിലൂടെയാണ് അവിടുത്തെ ക്രിസ്തീയ വിശ്വാസികൾ കടന്നു പോകുന്നത്. ഈ സാഹചര്യത്തിൽ അവിടെ പീഢനത്തിലൂടെ കടന്നുപോകുന്ന നമ്മുടെ സഹോദരങ്ങൾക്ക് ഐക്യദാർഢ്യം പ്രഖ്യാപിക്കേണ്ടതും അവരെ സഹായിക്കേണ്ടതും നമ്മുടെ ഉത്തരവാദിത്വമാണെന്ന് നാം തിരിച്ചറിയണം. കേവലം പ്രസ്താവനകൾക്കപ്പുറം വിവിധ സഭാ മേലദ്ധ്യക്ഷന്മാർ ഒന്നു ചേർന്ന് ഭരണാധികാരികളെ കാണുവാനും ഫലപ്രദമായ ഇടപെടലുകൾ നടത്തുവാനും തയ്യാറാകണം. സോഷ്യൽ മീഡിയായിൽ കൂടി അവിടുത്തെ ജനങ്ങളുടെ പ്രയാസങ്ങളിൽ പങ്കുചേരുന്നതോ, മെഴുകുതിരി കത്തിക്കുന്നതോ ഒന്നുമല്ല ഇപ്പോൾ ആവശ്യം. ഏതോ സ്ഥലത്ത് എന്തോ കലാപം എന്നതിനപ്പുറം മണിപ്പൂരിൽ നടക്കുന്നത് എന്താണെന്ന് നമ്മളിൽ ഭൂരിഭാഗം ആളുകൾക്കും അറിയില്ല. അതുകൊണ്ട് ഞായറാഴ്ച വി. കുർബാനക്കുശേഷം ഈ പ്രശ്നങ്ങളെ കുറിച്ച് നമ്മുടെ ആളുകളെ ബോധവത്ക്കരിക്കുവാൻ നാം തയ്യാറാകണം. സഭാ നേതൃത്വങ്ങൾ ഒറ്റക്കെട്ടായി രാഷ്ട്രീയ നേതൃത്വങ്ങളെ നമ്മുടെ ആശങ്കകൾ സഗൗരവം അറിയിക്കണം. പീഢനം അനുഭവിക്കുന്നവർക്കായി പ്രാർത്ഥിക്കുവാൻ നമുക്ക് കഴിയണം. നശിപ്പിക്കപ്പെട്ട ആരാധനാലയങ്ങൾ, ഭവനങ്ങൾ എന്നിവ വീണ്ടെടുക്കുവാനും, ജനങ്ങളുടെ ജീവനും സ്വത്തും സംരക്ഷിക്കുവാനും ആവശ്യമായ മിഷൻ പ്രവർത്തനങ്ങൾ ഇപ്പോഴെ തുടങ്ങേണ്ടിയിരിക്കുന്നു.

നമ്മുടെ രാജ്യത്ത് ഏകീകൃത സിവിൽ കോഡ് നടപ്പാക്കുമെന്ന പ്രധാനമന്ത്രിയുടെ പ്രസ്താവന സമൂഹത്തിൽ പല മേഖലകളിലും ചർച്ചയ്ക്ക് വിധേയമായിക്കഴിഞ്ഞു. നാനാത്വത്തിൽ ഏകത്വം എന്നതാണ് നമ്മുടെ രാജ്യത്തിന്റെ മുഖമുദ്ര. വൈവിധ്യവും ബഹുസ്വരതയും നമ്മുടെ നാടിന്റെ പ്രത്യേകതയാണ്. പല സമുദായങ്ങളും സംസ്കാരങ്ങളും ആചാര അനുഷ്ഠാന രീതികളും, മതപരമായ നിയമങ്ങളും ഉൾക്കൊള്ളുന്നതാണ് ഇന്ത്യയുടെ പൊതുസമൂഹം. ഈ വൈവിധ്യം ഇന്ത്യൻ ഭരണഘടന അംഗീകരിച്ചിട്ടുള്ളതുമാണ്. ഇതൊക്കെ മാറ്റിമറിക്കുക എന്ന ലക്ഷ്യമാണ് ഏക സിവിൽ കോഡ് നടപ്പാക്കുക വഴി ലക്ഷ്യമിടുന്നത്. രാജ്യം ഒരു തെരഞ്ഞെടുപ്പിന്റെ പടിവാതിലിൽ എത്തി നിൽക്കുമ്പോൾ ജനങ്ങളെ തമ്മിൽ മതപരമായി ഭിന്നിപ്പിക്കുവാനും രാഷ്ട്രീയ പാർട്ടികളുടെ ഐക്യത്തെ തകർക്കുവാനുമാണ് ഏക സിവിൽ കോഡ് ഉപയോഗിക്കുന്നതെന്ന് ആരെങ്കിലും ചിന്തിച്ചു പോകുന്നത് സ്വാഭാവികമാണ്. സമൂഹത്തിലെ എല്ലാ തലങ്ങളിലെയും ആളുകളുമായി സ്വതന്ത്രമായ ചർച്ച നടത്തി മാത്രമെ നിലവിലുള്ള സംവിധാനങ്ങൾക്ക് മാറ്റം വരുത്താൻ പാടുള്ളൂ. ഏകീകൃത സിവിൽ കോഡ് ന്യൂനപക്ഷ, ആദിവാസി അവകാശങ്ങൾ കവരുമെന്ന ആശങ്ക അത്തരം ജനങ്ങൾക്കിടയിലുണ്ട്. മുസ്ലീം, ക്രൈസ്തവ മത മേലധ്യക്ഷന്മാർ ഇതിനോടകം തന്നെ സിവിൽ കോഡ് നടപ്പാക്കരുതെന്ന് ആവശ്യപ്പെട്ടു കഴിഞ്ഞു. ആയതിനാൽ നിലവിൽ രാജ്യത്ത് നിലനില്ക്കുന്ന സമാധാനവും മതേതര സ്വഭാവവും നിലനിർത്തുവാൻ, അധികാരം എന്ന ലക്ഷ്യത്തേക്കാൾ ഉപരിയായി നാടിന്റെ സംസ്ക്കാരവും തനിമയും നിലനിർത്തുന്ന നടപടികളാകണം ഉത്തരവാദിത്വപ്പെട്ട ആളുകളുടെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടത്. സഭാ നേതൃത്വവും സഭാമക്കളും ഈ വക കാര്യങ്ങൾ തിരിച്ചറിഞ്ഞ് ക്രിയാത്മകമായി പ്രവർത്തിക്കുവാനും, നാം അധിവസിക്കുന്ന രാജ്യം ഭൗതികമായും ആത്മീകമായും സമാധാന മാനസ്സരായി ജീവിക്കുന്നതിനുള്ള വഴികൾ വെട്ടിതുറക്കുവാനും ഇടയാകട്ടെ.

ബേഥേൽ പത്രിക
Since 1987
Bethel Pathrika, P. B. No. 38, Chengannur, Kerala 689 121
+91 479 2451331
bethelpathrika@gmail. com www. bethelpathrika. org

പത്രാധിപസമിതി

രക്ഷാധികാരി	പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് III തിരുമേനി	
മാനേജിംഗ് എഡിറ്റർ	അഭിവന്ദ്യ ഡോ. മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ ©9447718511	
പബ്ലീഷർ	റവ. ഫാ. പി. കെ. കോശി	©9447654008
ചീഫ് എഡിറ്റർ	റവ. ഫാ. മാത്യു വർഗ്ഗീസ് പുളിമൂട്ടിൽ	©9495765393 mathewvarghese678@gmail.com
എക്സിക്യൂട്ടീവ് എഡിറ്റർ	റവ. ഫാ. മത്തായി സഖറിയ, ഇടവങ്കാട്	
എഡിറ്റർ	റവ. ഫാ. ജോബിൻ സാമുവേൽ, കുടശനാട്	
അസ്സോസിയേറ്റ് എഡിറ്റർ	ശ്രീ. സിബി മത്തായി, ഇടനാട്	
സർക്കുലേഷൻ മാനേജർ	റവ. ഡീ. ജിതിൻ ജോസ് ഇടവങ്കാട്	
അംഗങ്ങൾ	ശ്രീ. സജി പട്ടരുമഠം, ബുധനൂർ	ശ്രീ. ജോർജ് വർഗീസ്, പുത്തൻകാവ്
	ശ്രീ. എബി അലക്സാണ്ടർ, പുത്തൻകാവ്	ശ്രീ. ബിനോയ് പി. ജോർജ്, കുടശനാട്
	ശ്രീ. ഷാജൻ മാത്യു, പേരിശ്ശേരി ഈസ്റ്റ്	ശ്രീ. റിബു ജോൺ, പേരിശ്ശേരി
	ശ്രീ. ചിൽസ് തോമസ് കോശി, ക്ലർത്തമല	ശ്രീ. ബിനു മുളക്കുഴ
	ശ്രീമതി മിനി ജോൺസൺ, മെഴുവേലി	
ഉപദേശകസമിതി	റവ. ഫാ. ഡോ. തോമസ് വർഗീസ് അമയിൽ	അഡ്വ. ജി. ഏബ്രഹാം, ക്ലർത്തമല
	ശ്രീ. വർഗീസ് ജോൺ തോട്ടപ്പുഴ	പ്രൊഫ. ഡോ. ബിൻസി റെജി, ആറ്റുവാ
	ശ്രീമതി സോളി ജി. ഫിലിപ്പ്, മംഗലം	

വരിസംഖ്യ 250 രൂപ

ഇതളുകളിൽ

05	ഇടയപത്രിക	ഡോ. മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ
06	മാർത്തോമ്മാ ശ്ലീഹാ	ഫാ. ഡോ. മാത്യു വർഗ്ഗീസ്
08	വിശുദ്ധ അൻപതുനോമ്പിലെ ഞായറാഴ്ചകളിലൂടെ ഒരു യാത്ര.....	റീനു അന്ന ചെറിയാൻ, കുന്നുംപുറത്ത്
11	സെന്റ് കുറിയാക്കോസ് സഹദായും അമ്മ ജൂലിയായും	
13	അഗ്നിയുടെ പ്രവാചകനായ ഏലിയാവ്	ഫാ. ഷാനു ഏബ്രഹാം ബുധനൂർ
15	വിസ്മയം..... ഈ വിനയചരിത്രം!!!	ഫാ. തോമസ് ചാണ്ടി കുന്നംകുളം
19	CYBER ADDICTION	Fr. Dr. Renny Thomas
22	വിശുദ്ധ യോഹന്നാന്റെ 2, 3 ലേഖനങ്ങൾ	ഫാ. മാത്യു വർഗീസ്, പുളിമൂട്ടിൽ
24	തൽസമയസംപ്രേഷണം	ഫാ. പി.വി. ജോൺ ചെങ്ങന്നൂർ
27	ബാലപത്രിക	
28	ക്വിസ് 11	
29	ഭദ്രാസന വാർത്തകൾ	ഫാ. പി.കെ.കോശി
30	ലോകക്രൈസ്തവ വാർത്തകൾ	

ഡോ. മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ

മലങ്കര നസ്രാണി സമൂഹം അഥവാ മാർത്തോമാ നസ്രാണികൾ പ്രാണനെപോലെ നെഞ്ചിലേറ്റുന്ന നാമമാണ് നമ്മുടെ കർത്തവിന്റെ അരുമശിഷ്യനായ വി. മാർത്തോമ്മാ ശ്ലീഹായുടേത്. ഡിസംബർ 21 ഉം ജൂലൈ 03 മാണ് പ്രധാനമായി വിശുദ്ധ ശ്ലീഹായെ വി. സഭ സ്മരിക്കുന്നത് എങ്കിലും രക്തം കൊടുത്ത് വി. സഭയ്ക്ക് ജീവൻ നൽകിയ ഭാരത സഭയുടെ അപ്പോസ്തോലനും, സഹദായും, ശ്ലീഹയുമായ വി. മാർത്തോമ്മാ ശ്ലീഹായെ എത്ര സ്മരിച്ചാലും അത് അധികമാവില്ല. 'അപ്പസ്തോലൻ' എന്ന വാക്കിനർഥം അയയ്ക്കപ്പെട്ടവൻ എന്നാണ്. ക്രിസ്തു ദൈവത്താൽ അയയ്ക്കപ്പെട്ടവനാണ്. അതേ ദൗത്യവുമായി ക്രിസ്തു തന്റെ ശിഷ്യന്മാരെ ലോകത്തിന്റെ പലഭാഗങ്ങളിലേക്ക് അയച്ചു. ആ അപ്പസ്തോലന്മാരാൽ സ്ഥാപിക്കപ്പെട്ട സഭ അപ്പസ്തോലികമാണ്, അഥവാ അയയ്ക്കപ്പെട്ടവളാണ്. അതുകൊണ്ടു തന്നെ വി.മാർത്തോമ്മാ ശ്ലീഹ നട്ടു നനച്ച് വളർത്തിയ മലങ്കര സഭ സർവത്രികവും, സ്വയശീർഷകത്വമുള്ളതും, അപ്പോസ്തോലികവും, ഏകവും വിശുദ്ധവും സ്വതന്ത്രവുമായ സഭയാണ്. പാതാള ഗോപുരങ്ങൾ അതിനെ ബലം ചെയ്യുകയില്ല.

വി. ശ്ലീഹാ, യൂദയായിലെ ഗലീലിയിൽ ആയിരിക്കണം ജനിച്ചതെന്ന് അനുമാനിക്കുന്നു. തോമസ് എന്ന പേര് ഗ്രീക്കു ഭാഷയിലുള്ള പുതിയ നിയമത്തിൽ അപ്പോസ്തലന്റെ പേരായിട്ടുതന്നെയാണ് രേഖപ്പെടുത്തപ്പെട്ടിട്ടുള്ളത്. ഇത് അറമായഭാഷയിൽ രൂപംകൊണ്ടിട്ടുള്ള ഒരു വ്യക്തി നാമത്തിന്റെ ഭാഷാന്തരമാണ്. പേരിന്റെ അർഥം ഇരട്ട എന്നാണ്. ഗ്രീക്കുഭാഷയിൽ ദിദിമോസ് എന്നാണ് ഈ പദം സൂചിപ്പിക്കപ്പെടുന്നത്. അതുകൊണ്ടാണ്, യോഹന്നാൻ തന്റെ സുവിശേഷത്തിൽ, ദിദിമോസ് എന്ന വിളിക്കപ്പെടുന്ന തോമസ് എന്നു വിശദീകരിക്കുന്നത് (യോഹന്നാൻ 21 : 2).

അദ്ദേഹം ഒരു യഹൂദനായിരുന്നുവെന്നു ഏതാണ്ടു തീർച്ചയാണെങ്കിലും ക്രിസ്തുവിന്റെ ശിഷ്യനായിത്തീർന്നത് എങ്ങനെയെന്നതിനെക്കുറിച്ചും സുവിശേഷത്തിൽ പരാമർശമൊന്നുമില്ല. നാലു സുവിശേഷകന്മാരും, അപ്പസ്തോല നടപടികളും, തോമസിനെക്കുറിച്ചു പരാമർശിക്കുന്നുണ്ടെങ്കിലും, വി. യോഹന്നാന്റെ സുവിശേഷത്തിൽ നിന്നാണ്, അദ്ദേഹത്തിന്റെ വ്യക്തിത്വത്തെക്കുറിച്ച് വ്യക്തമായ ഒരു ചിത്രം നമുക്കു ലഭിക്കുന്നത്. പാശ്ചാത്യരും, അതിനെ പിൻപറ്റുന്ന ചില അല്പജ്ഞാനികളും സംശയാലുവെന്ന് **(Doubting Thomas)** പലപ്പോഴും തെറ്റായി വി. മാർത്തോമാ ശ്ലീഹായെ വിധിക്കുന്നുണ്ട് എങ്കിലും മറ്റ് ശ്ലീഹന്മാരിൽ ആരിലും കാണാത്ത അദ്ദേഹത്തിന്റെ ധൈര്യവും, ഏതു സന്ദർഭത്തിലും യേശുവിനോടൊത്തു നില്ക്കാനുള്ള സന്നദ്ധതയും, ഗുരു ഭക്തിയും സത്യാന്വേഷണത്വരയും പ്രത്യേകം പ്രസ്താവ്യമാണ്. ഈ വ്യക്തിപ്രഭാവമാണ് സിന്ധു, ഹാരപ്പൻ സംസ്ക്കാരങ്ങളുടെ സമ്പന്നതയും, വേദങ്ങളും, ഉപനിഷത്തുക്കളും കൊണ്ടും ഫലഭൂഷ്ടവും മഹാവീരനും, ഗൗതമ ബുദ്ധനും പോലെ ഉള്ള ജ്ഞാനതപസ്വികളുടെ തത്ത്വശാസ്ത്രങ്ങൾക്ക് ആഴത്തിൽ വേരോട്ടം ഉള്ളതുമായ പൗരസ്ത്യ ദേശത്തിന്റെ പ്രധാന ഭാഗമായ ഇന്ത്യയിലേക്ക് ഗണിതശാസ്ത്രത്തിലും, തച്ചുശാസ്ത്രത്തിലും, തർക്കശാസ്ത്രത്തിലും അവഗാഹം ഉണ്ടായിരുന്ന വി. മാർത്തോമ്മാ ശ്ലീഹായെ അയക്കുവാൻ ദൈവം തിരുമനസ്സായത്.

യേശു തന്റെ സ്നേഹിതനായ രോഗിയായ ലാസറിനെ കാണാൻ പോകുന്നതിനു തീരുമാനിച്ച വേളയിലാണ്, തോമാ ശ്ലീഹായുടെ വിശ്വസ്തത വെളിവാക്കുന്ന ഒരു സംഭവം വി. വേദപുസ്തകം വിവരിക്കുന്നത് . ''അവനോടൊപ്പം മരിക്കാൻ നമുക്കും പോകാം എന്ന് ധൈര്യത്തോടെ മറ്റു ശ്ലീഹന്മാരെയും ക്രിസ്തുവിനോട് ചേർത്ത് നിർത്തുവാൻ വി. മാർത്തോമ്മാ ശ്ലീഹാ മുൻകൈയെടുക്കുന്നു (യോഹ 11:16) വി. തോമസ് അപ്പസ്തോലൻ യേശുവിന്റെ ധീരനായ അനുഗാമി, തന്നോടൊപ്പം സത്യത്തിന്റെയും ജീവന്റെയും വഴി തെരഞ്ഞെടുക്കാൻ ഏവരെയും പ്രേരിപ്പിക്കുന്ന വിശ്വസ്ത ക്രിസ്തുശിഷ്യനാണ്. ഉറപ്പുള്ള സത്യത്തിനായി സ്നേഹശാഠ്യമുള്ളവനായിരുന്നു വി. ശ്ലീഹാ. അതുകൊണ്ടാണ് മറ്റു ശിഷ്യന്മാർ ''ഞങ്ങൾ കർത്താവിനെ കണ്ടു''. എന്നാൽ അവൻ പറഞ്ഞപ്പോൾ അവന്റെ കൈകളിൽ ആണികളുടെ പഴുതുകൾ ഞാൻ കാണുകയും അവയിൽ എന്റെ വിരൽ ഇടുകയും അവന്റെ വിലാപ്പുറത്ത് എന്റെ കൈ വയ്ക്കുകയും ചെയ്തല്ലാതെ ഞാൻ വിശ്വസിക്കുകയില്ല എന്ന് സംശയമന്യേ പറഞ്ഞത്. 'ദൈവ പുത്രനായ മശിഹാ കബറിൽ നിന്ന് ഉയർത്തെഴുന്നേറ്റു, മരണത്തെ പിന്നോട്ടടിച്ച് സത്യമായും ഉയർത്തെഴുന്നേറ്റിരിക്കുന്നു' എന്ന് ലോകത്തോട് സുവിശേഷിക്കണം. എങ്കിൽ മറ്റുള്ളവരുടെ കാഴ്ചയിൽ അല്ല തനിക്ക് ആ ദൈവീക സത്യം ബോധ്യമാകണം എന്ന ദൃഢനിശ്ചയമാണ് വെളിപ്പെടുത്തുന്നത്. കേവലം പറഞ്ഞു കേട്ട വിശ്വാസം അല്ല അനുഭവിച്ച ബോധ്യത്തിൽ നിന്നുള്ള സുവിശേഷമാണ് പ്രഘോഷിക്കുവാൻ ഉള്ളത് എന്ന ചിന്തയാണ് വി. ശ്ലീഹായെ സത്യം തെളിമയോട് കൂടെ ലോകത്തിനു വെളിപ്പെടുത്തുവാൻ സഹായകമായത്. ഈ തെളിമയോടുള്ള ഗുരു സ്നേഹമാണ് ദിദിമോസിന്റെ സാന്നിധ്യത്തിൽ ഉള്ള ഗുരുവിന്റെ രണ്ടാം പ്രാവശ്യമുള്ള വരവും.

എ.ഡി. 52-ലാണ് തോമാശ്ലീഹാ ഭാരതത്തിൽ വന്നു എന്ന് വി. സഭ വിശ്വസിക്കുന്നു. ഇതേക്കുറിച്ചു അല്പായുസ് മാത്രമായ ചില ഭിന്നസ്വരങ്ങൾ കേൾക്കുന്നു എങ്കിലും വി. സഭയെ സംബന്ധിച്ച് അത് ബോധ്യവും വിശ്വാസവുമാണ്. വെട്ടവും വെളിച്ചവും, യാത്ര സൗകര്യങ്ങളും ഇല്ലാതിരുന്ന ഒരു കാലത്ത് ഒരു സാഹസീകയാത്രക്ക് മുതിർന്ന്, ക്രിസ്തു പകർന്ന വെളിച്ചം കെട്ടുപോകതെ തെളിമയോടെ ഈ മലങ്കര മണ്ണിൽ ജ്വലിപ്പിക്കുവാൻ തയ്യാറായ വി. മാർത്തോമാ ശ്ലീഹാ ഈ സഭയുടെ സ്ഥാപക പിതാവാണ് എന്നതിൽ നമുക്ക് അഭിമാനിക്കാം. ആ വെളിച്ചം കെട്ടുപോകാതെ തലമുറ, തലമുറ കൈമാറുവാൻ നമുക്ക് കടമയും കടപ്പാടുമുണ്ട്. വി. മാർത്തോമ്മ സിംഹാസനത്തിന്റെ ഉയർച്ച നമ്മുടെ ഉയർച്ച. വി. മാർത്തോമ്മാ സിംഹാസനത്തിന്റെ താഴ്ച അത് നമ്മുടെ താഴ്ച എന്ന് ഓർത്തുകൊള്ളണം. ആ വിശുദ്ധ പിതാവിന്റെ മധ്യസ്ഥത നമുക്ക് കോട്ടയായിരിക്കട്ടെ.

ഫാ. ഡോ. മാത്യു വർഗ്ഗീസ്
ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി, കോട്ടയം

മാർത്തോമ്മാ ശ്ലീഹാ : മുറിവുകളെ സ്നേഹിച്ചവൻ

ഉത്ഥിതനായ ക്രിസ്തുവിന്റെ തിരുമുറിവുകളെ സ്നേഹിച്ച ശിഷ്യനാണ് തോമാശ്ലീഹാ. ഉത്ഥിതന്റെ മുറിപ്പാടുകളെ സ്പർശിക്കുകയും സ്വന്തമാക്കുകയും ചെയ്ത ഇന്ത്യയുടെ അപ്പോസ്തോലൻ തോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950-ാം വർഷത്തിന്റെ പൂർണ്ണതയിൽ തോമായുടെ വിശ്വാസപ്രഖ്യാപനത്തെ നമുക്കും ഉദ്ഘോഷിക്കാം.

തോമാ നാമവും അർത്ഥവും

തോമാ എന്ന പദം തെയോമ എന്ന അരമായ വാക്കിൽ നിന്നും രൂപപ്പെട്ടതാണ്. തെയോമ എന്ന അരമായ പദത്തിന്റെ ദിദിമോസ് എന്ന ഗ്രീക്ക് വാക്കിന്റെയും അർത്ഥം ഇരട്ട എന്നാണ്. ''തോമായുടെ നടപടികൾ'' എന്ന അപ്രമാണിക ഗ്രന്ഥത്തിന്റെയും യേശുവിന്റെ ഇരട്ട സഹോദരനായി തോമാശ്ലീഹായെ വിശേഷിപ്പിക്കുന്നു. ചുങ്കക്കാരൻ മത്തായിയുടെ ഇരട്ട പിറന്ന സഹോദരനാണ് തോമായെന്ന് വാദിക്കുന്നവരുമുണ്ട്. ശ്ലീഹായുടെ ചൂണ്ടുവിരലും, നടുവിരലും ജന്മനാ തന്നെ ഒരുമിച്ചിരുന്നതിനാലാണ് അദ്ദേഹത്തെ ഇരട്ട എന്നർത്ഥമുള്ള തോമാ എന്നു വിളിക്കുന്നതെന്നും ക്രിസ്തുവിന്റെ വിലാപ്പുറത്തെ മുറിവുകളിൽ സ്പർശിച്ചപ്പോൾ യോജിച്ചിരുന്ന വിരലുകൾ വേർപ്പെട്ടെന്നും മറ്റൊരു പാരമ്പര്യമുണ്ട്.

തോമാ വേദപർവ്വത്തിൽ

സമാന്തര സുവിശേഷകൻമാർ (മത്തായി, മർക്കോസ്, ലൂക്കോസ്) മാർത്തോമ്മാ ശ്ലീഹായുടെ പേരു പരാമർശിച്ച് അവരുടെ വിവരണമവസാനിക്കുമ്പേൾ നാലാം സുവിശേഷത്തിൽ യോഹന്നാൻ ശ്ലീഹാ ഊർജ്ജസ്വലനായ തോമായെപ്പറ്റി മൂന്നു പ്രാവശ്യം സൂചിപ്പിക്കുന്നു. ഒന്നാമതായി തോമാശ്ലീഹായെ കണ്ടുമുട്ടുന്നത് യോഹന്നാന്റെ സുവിശേഷം 11-ാം അദ്ധ്യായത്തിലാണ്. കർത്താവിനു പ്രിയനായ ലാസർ മരിച്ചു എന്നറിഞ്ഞ് യഹൂദ്യയിലേക്ക് പോകാൻ തുനിഞ്ഞ ക്രിസ്തുവിനെ മറ്റു ശിഷ്യന്മാരെല്ലാം തടയാൻ ശ്രമിക്കുന്നു. എന്നാൽ അവരെയെല്ലാം ധൈര്യപ്പെടുത്തിക്കൊണ്ട് സഹശിഷ്യന്മാരോട് 'അവനോടൊപ്പം മരിക്കാൻ നമുക്കും പോകാം' (യോഹ 11:16) എന്ന് പറയുന്നു. സ്വന്തം ഗുരുവിനായി ജീവൻ ത്യജിക്കാനും, അതിനുവേണ്ടി സഹശിഷ്യന്മാരെ സജ്ജരാക്കാനും ശ്രമിക്കുന്ന ശിഷ്യനെയാണ് നമ്മൾ ഈ സുവിശേഷഭാഗത്ത് കണ്ടുമുട്ടുന്നത്. ജീവിതത്തിലും മരണത്തിലും ക്രിസ്തുവിനോട് കൂടെയായിരിക്കുവാൻ അവനെ അനുഗമിക്കുവാൻ തോമാശ്ലീഹാ എപ്പോഴും ജാഗ്രത

പുലർത്തുന്നു. അതിന്റെ സാക്ഷ്യ പത്രമായിട്ടാണ് ശ്ലീഹാ ഭാരതത്തിലേക്ക് പ്രേക്ഷിത പ്രവർത്തനം നടത്തുവാനായി വന്ന് രക്തസാക്ഷിത്വം സ്വീകരിച്ചത്.

രണ്ടാമതായി അന്ത്യ അത്താഴത്തിനുശേഷം യേശു ശിഷ്യന്മാരോടു യാത്ര പറയുന്ന വേളയിലാണ് തോമാ ശ്ലീഹായെ നമ്മൾ കാണുന്നത്. ശിഷ്യർക്ക് സ്ഥലമൊരുക്കുവാൻ പോകുന്നതിനെക്കുറിച്ച് യേശു തന്റെ ശിഷ്യന്മാരോടു പറയുന്നു (യോഹ 14: 3-5). താൻ പോകുന്നിടത്തേക്കുള്ള വഴി അവർക്കറിയാമല്ലോ എന്ന് ശിഷ്യന്മാരോടു ഗുരുനാഥൻ ചോദിക്കുമ്പോൾ മറുചോദ്യം ചോദിക്കുന്നത് തോമാശ്ലീഹയാണ്. ''കർത്താവേ നീ എവിടേക്കു പോകുന്നു എന്ന് ഞങ്ങൾക്കറിഞ്ഞുകൂടാ പിന്നെ വഴി ഞങ്ങൾ എങ്ങനെയറിയും'' (യോഹ 14:5). അതിനുള്ള മറുപടിയായി വഴിയും സത്യവും ജീവനുമായി യേശു ലോകത്തിനു സ്വയം വെളിപ്പെടുത്തുന്നു. തോമയുടെ ചോദ്യത്തിന്റെ നിഷ്കളങ്കതയും നിസഹായത്തിന്റെ പ്രതിഫലനമാണ് എന്ന് വ്യാഖ്യാനിക്കുന്നുണ്ടെങ്കിലും അദ്ദേഹത്തിന്റെ തത്വചിന്തപരമായ മനസാണ് വെളിപ്പെടുന്നത്. മാർഗ്ഗത്തെപ്പറ്റിയുള്ള സമസ്യകൾക്കുള്ള ഉത്തരം ദൈവത്തിൽ പൂർണ്ണമാകുന്നു എന്നുകൂടി അതിൽ നിന്ന് മനസിലാക്കുന്നു.

മൂന്നാമതായി ഉത്ഥിതനായ ക്രിസ്തുവിനെ കാണുവാനുള്ള ശാഠ്യം നിറയുന്ന തോമാശ്ലീഹായെ ആണ് യോഹന്നാന്റെ സുവിശേഷം 20-ാം അദ്ധ്യായം അവതരിപ്പിക്കുന്നത്. പുനരുത്ഥാനശേഷം തോമാ ഒഴികെയുള്ള ശിഷ്യന്മാർക്ക് യേശു തമ്പുരാൻ പ്രത്യക്ഷനായി. ഉത്ഥിതന്റെ പ്രത്യക്ഷതയെക്കുറിച്ച് സഹശിഷ്യന്മാർ പറഞ്ഞെങ്കിലും 'അവന്റെ കൈകളിൽ ആണിപ്പഴുതു കാണുകയും ആണിപ്പഴുതിൽ വിരൽ ഇടുകയും, അവന്റെ വിലാപ്പുറത്ത് കൈ ഇടുകയും ചെയ്തിട്ടല്ലാതെ വിശ്വസിക്കുകയില്ല' എന്ന (യോഹ 20: 25) മറുപടി കൊണ്ട് തോമാ അവരോടു പ്രതിവചിച്ചു. തോമയുടെ നിർബന്ധബുദ്ധിക്കുമുന്നിൽ എട്ടാം ദിവസം യേശു അവന് ദർശന സൗഭാഗ്യം നൽകി. ക്രിസ്തുവിന്റെ തിരുമുറിവുകളിൽ സ്പർശിക്കുവാൻ ഭാഗ്യം ലഭിച്ച തോമയുടെ ''എന്റെ കർത്താവും എന്റെ ദൈവവുമേ'' എന്ന വിശ്വാസപ്രഖ്യാപനം സഭയുടെ മൊത്തം വിശ്വാസ പ്രഖ്യാപനമായി ഇന്നും നില കൊള്ളുന്നു.

ധൈര്യശാലിയായ തോമായെ സുവിശേഷത്തിന്റെ വായനകളിൽ കാണുവാൻ കഴിയും. യഹൂദന്മാരെ ഭയപ്പെട്ടു ശിഷ്യന്മാരെല്ലാം അടച്ചിട്ട മുറിയിൽ കഴിയുമ്പോൾ തോമാ പുറത്ത് ധൈര്യശാലിയായി സഞ്ചരിക്കുകയായിരുന്നു. പെന്തിക്കോസ്തിയുടെ ആത്മ നൽവരങ്ങളെ പ്രാപിച്ചു കഴിഞ്ഞു മറ്റ് ശിഷ്യന്മാരെല്ലാം അവരുടെ സുവിഷേഷ ദൗത്യം റോമാ സാമ്രാജ്യത്തിന്റെ ഉള്ളിലൊതുക്കുമ്പോൾ, ബഹുശതം കാതങ്ങൾ യാത്ര ചെയ്ത് റോമാ സാമ്രാജ്യത്തിന്റെ പുറത്ത് ഭാരതത്തിന്റെ തെക്കേയറ്റംവരെ സുവിശേഷ വെളിച്ചവുമായി പോകാൻ ധീരനായ തോമായ്ക്കേ കഴിഞ്ഞുള്ളൂ.

തോമാശ്ലീഹാ ഉത്ഥിതനായ ക്രിസ്തുവിനെ സ്നേഹിക്കുകയും വിശ്വാസത്താൽ ബലപ്പെടുകയും ചെയ്യുന്നു. യേശു പുനരുത്ഥാനം ചെയ്തപ്പോൾ ആ ശരീരത്തിൽ ചതവുകളോ അടികളുടെ പാടുകളോ ഉണ്ടായിരുന്നില്ല. മുറിവുകൾ മാത്രം നിലനിർത്തി അവൻ സ്വർഗ്ഗാരോഹണം ചെയ്തു. കാരണം ദൈവസ്നേഹത്തിന്റെ ശാശ്വത അടയാളങ്ങളായി ആ മുറിവുകൾ ക്രിസ്തു സംവഹിക്കുന്നു. 'അവൻ നമ്മുടെ അതിക്രമങ്ങൾ നിമിത്തം മുറിവേറ്റും അവന്റെ മുറിവിനാൽ നാം സൗഖ്യപ്പെട്ടുമിരിക്കുന്നു' എന്ന (യെശ. 53:5, 1 പത്രോ. 2 : 24) പ്രവചനം പൂർത്തിയാക്കപ്പെടുവാൻ വേണ്ടിയായിരുന്നു ഇത്.

മുറിവേറ്റ ദൈവമാണ് നമ്മുടേത്. മുറിവുകളിലൂടെ തിരിച്ചറിയപ്പെടുന്ന യേശു മുറിവുകളിലൂടെ സ്വയം വെളിപ്പെടുത്തുന്നു. സ്വർഗ്ഗത്തിലേക്ക് അവൻ കൊണ്ടുപോയതും മുറിവുകൾ മാത്രമാണ്. നമ്മുടെ മുറിവുകൾ യേശുവിന്റെ മുറിവുകൾ തന്നെയാണെന്ന് മാർത്തോമ്മാ ശ്ലീഹായുടെ പ്രേഷിതത്വം പഠിപ്പിക്കുന്നു. ഗുരുവിനെപ്പോലെ കുന്തമേറ്റ് പ്രാണനെ വിടുവാൻ തോമാശ്ലീഹായ്ക്ക് കഴിഞ്ഞത് തമ്പുരാന്റെ മുറിവുകൾ നൽകിയ ഊർജ്ജവും ധൈര്യവുമാണ്. വി. കുർബ്ബാനയിൽ ക്രിസ്തു മറഞ്ഞിരിക്കുന്നതു പോലെ നമ്മുടെ മുറിവുകളിലും ക്രിസ്തു മറഞ്ഞിരിക്കുന്നു. അതിനാൽ നമ്മുടെ മുറിവുകളെ തിരുമുറിവുകളാക്കുവാൻ, ക്രിസ്തുവിന്റെ മുറിവുകളോട് അവയെ ചേർത്തു വയ്ക്കുവാനും മുറിവുകളിൽ തൊട്ട് വിശ്വാസത്തിൽ ആഴപ്പെടുവാനും, മാർത്തോമ്മാശ്ലീഹായുടെ ദുക്റോനോ നമ്മെ ഓർമ്മപ്പെടുത്തുന്നു.

റീനു അന്ന ചെറിയാൻ, കുന്നുംപുറത്ത്

വിശുദ്ധ അൻപതുനോമ്പിലെ ഞായറാഴ്ചകളിലൂടെ ഒരു യാത്ര.....

വിശുദ്ധ അൻപതുനോമ്പിലെ ഞായറാഴ്ചകളിൽ ഓർക്കപ്പെടുന്ന അതിശയങ്ങളുടെ പ്രസക്തി

പ്രാർത്ഥനയ്ക്കും ഉപവാസത്തിനും പ്രായശ്ചിത്തങ്ങൾക്കുമായി മാറ്റിവച്ചിരിക്കുന്ന ശ്രേഷ്ഠമായ അമ്പതുദിനങ്ങളുടെ കാലയളവാണ് വലിയ നോമ്പ്. വലിയ നോമ്പ് അനുതാപത്തിന്റെ കാലയളവാണ്. കർത്താവ്, തന്റെ കുരിശുമരണത്തിലൂടെയും പുനരുത്ഥാനത്തിലൂടെയും നേടിത്തന്ന രക്ഷ എന്താണെന്നും അത് സ്വന്തമാക്കുവാൻ നാം എന്തു ചെയ്യണമെന്നും വ്യക്തമാക്കുന്ന വേദഭാഗങ്ങളാണ് വലിയ നോമ്പിലെ വേദഭാഗങ്ങൾ. സഹായത്തിനുവേണ്ടി കരയുന്ന ജീവിതങ്ങളിലേക്ക് ഇറങ്ങിവരുന്ന ക്രിസ്തുവിന്റെ കരുണയുടെ മുഖം നോമ്പുകാല ഞായറാഴ്ചകളിൽ നാം ദർശിക്കുന്നു. കാനാവിലെ അത്ഭുതം മുതൽ ലാസറിനെ ഉയർപ്പിച്ച സംഭവം വരെയുള്ള ഏവൻഗേലിയോനുകളിൽ പാപത്തിന്റെ സ്വഭാവങ്ങളും പാപിയായ മനുഷ്യന്റെ പ്രത്യേകതകളും അവിടെ നിന്ന് കർത്താവ് നൽകുന്ന മോചനവും അതിന് മനുഷ്യൻ ചെയ്യേണ്ടത് എന്താണെന്നും വ്യക്തമാക്കുന്നു.

കൊത്നേ ഞായർ (വി. യോഹന്നാൻ 2: 1-11)

യേശുവിന്റെ ആദ്യത്തെ അത്ഭുതമെന്ന് വിശേഷിപ്പിക്കുന്ന കാനായിലെ കല്യാണ വിരുന്നിൽ വെള്ളം വീഞ്ഞാക്കുന്ന സംഭവമാണ് ആദ്യത്തെ ചിന്താവിഷയം. വ്യക്തികളുടെ പ്രതിസന്ധികളിൽ അവരുടെ ഇടയിലേക്ക് കടന്നു വന്ന് ഇല്ലായ്മയുടെ അപമാനത്തിൽ നിന്നും ഒരു കുടുംബത്തെ രക്ഷിക്കുവാൻ വെള്ളത്തെ വീഞ്ഞാക്കി അവിടുന്ന് നവീകരിക്കുന്നു. പ്രത്യേക മണമോ, രുചിയോ യാതൊന്നുമില്ലാത്ത പച്ചവെള്ളം, യേശുവിന്റെ സാമീപ്യത്താൽ പാടെ വ്യത്യാസപ്പെടുകയും ആളുകൾക്ക് ലഹരിപിടിപ്പിക്കുവാൻ പോലും ശക്തിയുള്ളതായി തീരുകയും ചെയ്തു. കർത്താവുമായുള്ള സാമീപ്യത്താൽ, അവിടുത്തേയ്ക്കായി സമർപ്പിക്കപ്പെട്ടാൽ ഏത് നിർജീവ വസ്തുവിനും ഈ വ്യത്യാസം ഉണ്ടാകും. വിരുന്ന് സൽക്കാരത്തിലെ വീഞ്ഞ് തീർന്നുപോയി എന്ന് യേശുവിനെ അറിയിക്കുന്നത് അമ്മയായ മറിയമാണ്. യേശുവുമായുള്ള സമ്പർക്കത്തിൽ ലഭിക്കുന്ന പുതിയ ശക്തിക്ക് അവിടുത്തെ മാതാവിന്റെ മാദ്ധ്യസ്ഥത സഹായകരമാണെന്ന് ഈ വേദഭാഗം നമ്മെ പഠിപ്പിക്കുന്നു.

ഗർബോ - കുഷ്ഠരോഗികളുടെ ഞായർ (വി. ലൂക്കോസ് 5: 12-16)

യേശുവിനെ സമീപിച്ച കുഷ്ഠരോഗിയിൽ നാം കാണുന്നത് അവന്റെ വിശ്വാസമാണ്. സർവ്വരാലും പുറന്തള്ളപ്പെട്ട അവൻ ദൈവത്തിൽ പ്രത്യാശയുള്ളവനായിട്ടാണ് കടന്നു വരുന്നത്.

യേശുവിനെ സമീപിച്ച് അവൻ പറയുന്നു. അങ്ങേയ്ക്ക് മനസുണ്ടെങ്കിൽ എന്നെ ശുദ്ധനാക്കുവാൻ കഴിയും. അവന്റെ ഹൃദയശുദ്ധി കണ്ട യേശു അവനെ സ്പർശിച്ച് ശുദ്ധിയുള്ളവനാക്കുന്നു. കർത്താവിന്റെ കരങ്ങൾ നീണ്ടു ചെന്നപ്പോൾ അവന്റെ ഉടലാകെ ക്രിസ്തു പരന്നു. നമ്മെ തൊടാൻ തയ്യാറായി നിൽക്കുകയാണ് ക്രിസ്തു. പക്ഷേ ശുദ്ധനാകുവാൻ മനസു വേണം. ഈ നോമ്പുകാലം നമ്മുടെ വിശുദ്ധീകരണത്തിന്റെ നാളുകളാവണം.

മ്ശറിയോ- തളർവാതരോഗി (മർക്കോസ് 2: 1-12)

തളർവാത രോഗിയെ സുഖപ്പെടുത്തുന്ന സംഭവത്തിലൂടെ യേശുവിൽ ആഴമായി വിശ്വസിക്കുന്ന, തന്നിലുള്ള വിശ്വാസം മൂലം മറ്റുള്ളവരുടെ ആവശ്യങ്ങളിൽ സ്വയം സംലഭ്യമാകുന്ന, പരസ്പരം സ്നേഹിക്കുന്ന ഒരു കൊച്ചു സമൂഹത്തെയാണ് യേശു നമ്മുടെ മുൻപിൽ വരച്ചുകാട്ടുന്നത്. ഇവിടെ രോഗിയുടെ വിശ്വാസത്തേക്കാളുപരി, അവനെ അവിടേക്ക് കട്ടിലിൽ ചുമന്നുകൊണ്ടുവന്ന നാലുപേരടങ്ങുന്ന കൊച്ചു സമൂഹത്തിന്റെ വിശ്വാസത്തിനാണ് പ്രാധാന്യം. ഏതു പ്രകാരത്തിലും രോഗിയെ യേശുവിന്റെ മുമ്പിൽ എത്തിക്കുക എന്ന തീക്ഷ്ണമായ ആഗ്രഹമാണ് വീടിന്റെ മേൽക്കൂര പൊളിച്ച് അത് വഴി രോഗിയെ ഇറക്കാൻ അവരെ പ്രേരിപ്പിച്ചത്. അവരുടെ ആഴമായ വിശ്വാസം കണ്ട് യേശു തളർവാത രോഗിയോട് പറഞ്ഞു. ''നിന്റെ പാപങ്ങൾ മോചിച്ചുതന്നിരിക്കുന്നു. എഴുന്നേറ്റ് കിടക്ക എടുത്ത് വീട്ടിലേക്ക് പോക''. അവൻ സൗഖ്യമായി, അവന്റെ വിശ്വാസം ഇരട്ടിക്കുന്നു, ദൈവത്തെ മഹത്വപ്പെടുത്തുന്നു. ക്രിസ്തുവിന്റെ സ്നേഹം കൂടുതലായി അനുഭവിച്ചറിഞ്ഞിട്ടുള്ള ക്രിസ്ത്യാനികൾക്ക് അനുതാപത്തിലേക്കും പാപമോചനത്തിലേക്കും മറ്റു സഹോദരങ്ങളെ നയിക്കാൻ കടപ്പാടുണ്ട്.

ക്നാനൊയ്ത്തോ - ക്നാനായക്കാരി
(വി. മത്തായി 15 : 21-31)

സോർസീദോൻ പ്രദേശങ്ങളിൽ നിന്നെത്തുന്ന ഒരു സാധുവായ സ്ത്രീയുടെ സങ്കടവഴികളിൽ പ്രകാശം പരത്തുന്ന യേശുവിന്റെ പരുക്കനെന്നു തോന്നിക്കുന്ന സമീപനത്തിന്റെ വ്യത്യസ്ഥമായ ഒരു ഭാവത്തെ വർണ്ണിക്കുന്ന വേദഭാഗമാണിത്. വിട്ടുവീഴ്ചയില്ലാത്ത വിശ്വാസത്തിന്റെ വിസ്മയഭാവങ്ങളും അവസരോചിതമായ പ്രഖ്യാപനങ്ങളും സാധാരണക്കാരിയായ ഈ സ്ത്രീയിൽ തെളിഞ്ഞുനിൽക്കുന്നു. യേശുവിനു മാത്രമേ ഭൂതം ബാധിച്ച തന്റെ മകളെ സുഖപ്പെടുത്താൻ സാധിക്കൂ എന്ന ഉറച്ച വിശ്വാസം ഈ സ്ത്രീയ്ക്കുണ്ടായിരുന്നു. സത്രീയേ, നിന്റെ വിശ്വാസം വലിയത്, നിന്റെ ഇഷ്ടം പോലെ നിനക്കു ഭവിക്കട്ടെ എന്നരുളിച്ചെയ്ത മശിഹാ അവളുടെ വിശ്വാസതീഷ്ണതയ്ക്കു നൽകിയ സമ്മാനമായിരുന്നു ഈ പ്രശംസ. കനൃാസ്ത്രീ കർത്താവിനെ ഹൃദയത്തിൽ വിശ്വാസപൂർവ്വം ഉറപ്പിച്ചതുപോലെ നമുക്കും അവനെ സ്വീകരിക്കാം.

ക്പിപ്ത്തോ ഞായർ - കൂനിയുടെ സൗഖ്യം
(വി. ലൂക്കോസ് 13 : 10-17)

18 വർഷം കൂനിയായിരുന്ന സ്ത്രീയെ ശാബതിൽ സുഖപ്പെടുത്തിയ സംഭവത്തിലൂടെ യേശു ഒരു പുതിയ ജീവിത വീക്ഷണം നമുക്ക് നൽകുന്നു. നിയമാനുഷ്ഠാനത്തിന് അമിത പ്രാധാന്യം നൽകുകയും എന്നാൽ സഹോദരങ്ങളുടെ ആവശ്യങ്ങളെ അവഗണിക്കുകയും ചെയ്യുന്ന യഹൂദന്മാർക്ക് നേരെയുള്ള വിമർശനമാണ് ഈ സംഭവം. ദുരിതങ്ങളേറുന്തോറും ദൈവസന്നിധിയിൽ തുടരാനാകുമ്പോൾ കൃപ കാത്തിരിക്കുന്നു എന്ന് കൂനിയായ, സ്ത്രീ നമ്മോടു വിളിച്ചുപറയുന്നു. ആൾക്കൂട്ടത്തിന്റെ മധ്യേ ആലയമുറ്റത്ത് അവൾക്ക് യേശു ഒരു പുതിയ മേൽവിലാസം നൽകുന്നു. 'അബ്രഹാമിന്റെ മകൾ' നേരെയായത് അവളുടെ നട്ടെല്ല് മാത്രമല്ല, ആത്മാഭിമാനം കൂടിയാണ്. കൂനിയായ സ്ത്രീയെപ്പോലെ സഹായം അർഹിക്കുന്ന അനേകർ നമുക്ക് ചുറ്റിലുമുണ്ട്. അവരുടെ നേരെ കണ്ണടച്ച് നോമ്പനുഷ്ഠിക്കുന്നതുകൊണ്ട് യാതൊരു പ്രയോജനവുമില്ല. ആയതിനാൽ ആവശ്യക്കാരെ കണ്ടെത്തി സഹായമെത്തിക്കാം.

സമിയോ ഞായർ - കുരുടന്റെ സൗഖ്യം
(വി. യോഹ. 9 : 1-41)

ജന്മനാ കുരുടനായ മനുഷ്യനെ യേശുക്രിസ്തു ചേറുകുഴച്ച് തേച്ച് ശീലോഹാമിലേക്ക് അയയ്ക്കുന്നതും സൗഖ്യത്തിനുശേഷം അയാൾ കടന്നുപോകുന്ന പരസ്യവിചാരണകളും ക്രിസ്തുവുമായുള്ള അയാളുടെ പുന:സമാഗവും വിശദമായി ഈ വേദഭാഗത്തിൽ പ്രതിപാദിക്കുന്നു. യേശുവിന് തന്നിൽ പ്രകാശകിരണങ്ങൾ ചൊരിയുവാൻ സാധിക്കും എന്ന് അന്ധൻ ഉറപ്പായി വിശ്വസിച്ചു. അങ്ങനെ ശാരീരികവും ആത്മീകവുമായ സൗഖ്യം ലഭിച്ച മനുഷ്യൻ

ദൈവീകപ്രകാശത്തിൽ നിറഞ്ഞ് ആഴമായ വിശ്വാസത്തിന്റെ ഉടമയാകുന്നു. എന്നാൽ ഈ പ്രകടമായ സംഭവത്തെ വിശ്വസിക്കുവാൻ യഹൂദപ്രമാണികൾ തയ്യാറാകുന്നില്ല. യഹൂദപ്രമാണികളാൽ ബഹിഷ്കരിക്കപ്പെട്ടപ്പോൾ കുരുടൻ കർത്താവിനാൽ സ്വീകരിക്കപ്പെടുകയും രക്ഷ പ്രാപിക്കുകയും ചെയ്തു.

കനാന്യസ്ത്രീയുടെ മകളെ സൗഖ്യമാക്കിയത് (വി.മത്തായി 15 : 21-31)

കനാന്യസ്ത്രീ യേശുവിന്റെ അടുക്കൽ ഓടിവന്ന് തന്റെ മകളെ സൗഖ്യപ്പെടുത്തുന്നതിനായി ഉറക്കെ വിളിച്ചുകരഞ്ഞു. 'യേശുവേ, ദാവീദുപുത്രാ എന്നോടു കരുണ തോന്നേണമേ. എന്റെ മകൾക്ക് ഭൂതോപദ്രവം കഠിനമായിരിക്കുന്നു. അവൾക്ക് ക്രിസ്തുവിലുള്ള വിശ്വാസത്തിന്റെ ബഹിർസ്ഫുരണമായിരുന്നു ഈ ആക്രോശം. എന്നാൽ യേശു ഈ നിലവിളി കേട്ടില്ല എന്ന രീതിയിൽ മുമ്പോട്ടു പോകുന്നു. എന്നാൽ സ്ത്രീ വീണ്ടും വീണ്ടും ആവശ്യം പറഞ്ഞ് നിലവിളിക്കുകയാണ്. അപ്പോൾ യേശു അവൾക്കു കൊടുത്ത മറുപടി വേദനിപ്പിക്കുന്നതായിരുന്നു. ''യിസ്രായേൽ ഗൃഹത്തിലെ കാണാതെ പോയ ആടുകളുടെ അടുക്കലേക്കല്ലാതെ എന്നെ അയച്ചിട്ടില്ല. മക്കളുടെ അപ്പം എടുത്ത് നായ്ക്കുട്ടികൾക്ക് ഇട്ടുകൊടുക്കുന്നത് നന്നല്ല'' (മത്തായി 15: 24,26) എന്നും പറഞ്ഞു.

അപമാനപ്പെടുത്തുന്ന ഈ വാക്കുകൾക്ക് ആ സ്ത്രീ സുന്ദരമായ മറുപടി കൊടുക്കുന്നു. ''അതേ കർത്താവേ, നായ്ക്കുട്ടികളും ഉടയവരുടെ മേശയിൽ നിന്ന് വീഴുന്ന നുറുക്കുകൾ തിന്നുന്നുണ്ടല്ലോ'' (മത്തായി 15 : 27). ഞാൻ നായയാകുന്നു എങ്കിൽ അവിടുന്ന് എന്റെ ഉടയവനാകുന്നു എന്ന ധ്വനി ഉൾക്കൊള്ളുന്ന ഈ വചനം കേട്ട് സംപ്രീതനായ യേശു അവളെ അനുഗ്രഹിക്കുന്നു. ''സ്ത്രീയേ, നിന്റെ വിശ്വാസം വലിയത്. നിന്റെ ഇഷ്ടംപോലെ നിനക്ക് ഭവിക്കട്ടെ'' (മത്തായി 15 : 28). ആ സമയം അവളുടെ മകൾക്ക് സൗഖ്യം ലഭിച്ചു. മശിഹാ അവളുടെ വിശ്വാസ തീക്ഷ്ണതയ്ക്ക് നൽകിയ സമ്മാനമായിരുന്നു ഈ പ്രശംസ. കനാന്യസ്ത്രീ കർത്താവിനെ ഹൃദയത്തിൽ വിശ്വാസപൂർവ്വം ഉറപ്പിച്ചതുപോലെ നമുക്കും സാധിക്കണം.

ഈ വേദഭാഗം നമ്മെ പഠിപ്പിക്കുന്ന രണ്ടു കാര്യങ്ങളുണ്ട്.

1. കനാന്യസ്ത്രീയുടെ വിശ്വാസം
2. യേശു, യിസ്രായേൽ മക്കളുടെ രക്ഷയ്ക്കുവേണ്ടി മാത്രം ലോകത്തിലേക്കു വന്നതല്ല, പിന്നെയോ എല്ലാവരുടെയും സമഗ്രമായ രക്ഷയ്ക്കുവേണ്ടിയാണ്.

ഒരു പ്രത്യേക സമൂഹത്തിന്റെയോ ഗോത്രത്തിന്റെയോ കുത്തകയല്ല യേശു. എല്ലാവരും യേശുവിന്റെ മുമ്പിൽ സമൻമാരാണ് അവിടുത്തെ മക്കളാണ്. നമ്മളൊരുപക്ഷേ കൊടുംപാപികളാണെങ്കിലും അവിടുത്തെ മാർഗത്തിലേക്ക് മനസു തിരിച്ചാൽ സ്നേഹപൂർവ്വം അവിടുന്ന് നമ്മെ കൈക്കൊള്ളും. കനാന്യ മകൾക്ക് സംഭവിച്ചതുപോലെ അപമാനവും പരിഹാസവും നമുക്ക് ഉണ്ടായേക്കാം. പക്ഷേ അവ താത്കാലികമാണ്. മുട്ടിപ്പായ പ്രാർത്ഥനയുടെയും പ്രാർത്ഥനയിൽ നാം കൈക്കൊള്ളേണ്ട മനോഭാവത്തിന്റെയും ഒരു ഉത്തമ മാതൃകയാണ് കനാന്യ സ്ത്രീ.

അറിയിപ്പ്

2023 ആഗസ്റ്റ് മാസം മാസിക ആഗസ്റ്റ് 15 ന് മുമ്പ് പ്രസിദ്ധീകരിക്കുന്നതിനാൽ, ലേഖനങ്ങൾ ജൂലൈ 31 ന് മുമ്പ് അയച്ചുതരേണ്ടതാണ്. തോമസ് മാർ അത്താനാസിയോസ് തിരുമേനിയുടെ 5-ാമത് ഓർമ്മപ്പെരുന്നാളിന്റെ സ്പെഷ്യൽ പതിപ്പായതിനാൽ തിരുമേനിയുടെ കളർ ഫോട്ടോ വെച്ചുള്ള കോളം, പരസ്യം നൽകുവാൻ ആഗ്രഹിക്കുന്നവർ 2500 രൂപ നൽകി പങ്കുചേരാവുന്നതാണ്.

വരിസംഖ്യ പുതുക്കുന്നതിനും വരിക്കാരായി ചേർക്കുന്നവർക്കും പരസ്യം നൽകുന്നവർക്കും ഇതോടൊപ്പമുള്ള ഗൂഗിൾ പേയ്മെന്റ് സംവിധാനം ഉപയോഗിക്കാവുന്നതാണ്.

സെന്റ് കുറിയാക്കോസ് സഹദായും അമ്മ ജൂലിയായയും

വെറും മൂന്നു വയസ്സുള്ളപ്പോൾ ക്രിസ്തുവിനു വേണ്ടി സ്വന്തം ജീവനെ സമർപ്പിച്ച കുറിയാക്കോസിനും അമ്മയായ യൂലിത്തിക്കും സഭയിൽ സവിശേഷസ്ഥാനമുണ്ട്.

Quiricus, Cyriacus, Qyriacus, Kuriakose, Keryakos, Kuriakose, Cyricus, Ciricus, Cyr, Cyriac മുതലായ പേരുകളിൽ സഹദാ അറിയപ്പെടുന്നു. പേരിന്റെ അർഥം 'കർത്താവിന്റേത്' എന്നതാണ്. മാതാവായ യൂലീത്തിയെ Julietta, Julitta മുതലായ പേരുകളിലും വിവരിച്ചു കാണുന്നു. ഇവരുടെ പൂർണ ജീവചരിത്രം നമുക്ക് പേര് എഴുതി കാണുന്നുണ്ട്. പീഡന സമയത്ത് ശിശുവായ കുറിയാക്കൊസും ചക്രവർത്തിയും തമ്മിലുള്ള ദീർഘ സംഭാഷണം വിശുദ്ധന്റെ വിശ്വാസ തീക്ഷണത നമ്മെ കാണിച്ചു തരുന്നു. പീഡനത്തിൽ മകനെ ധൈര്യപെടുത്തുന്ന അമ്മയും ഉത്തമ മാതൃക തന്നെ.

AD 400 നോട് അടുത്ത് എഴുതപ്പെട്ട Martyrologium Hieronymianum എന്ന ഗ്രന്ഥത്തിൽ വിശുദ്ധ കുരിയാക്കൊസിന്റയും അമ്മയുടെയും മാർ ഗീവറുഗീസ് സഹദായെപ്പോലെ ഡയോക്ലീഷൻ ചക്രവർത്തിയുട പീഡനകാലത്താണ് (AD 284-305) മാർ കുരിയാക്കൊസും അമ്മ യൂലീത്തിയും രക്തസാക്ഷികൾ ആകുന്നത്. വിധവയായ യൂലീത്തി ലൈക്കൊനിയ എന്ന സ്ഥലത്തെ ഒരു കുലീന ക്രിസ്തീയ കുടുംബത്തിൽ ഉള്ളവൾ ആയിരുന്നു. ഗവർണർ ആയ അലക്സാണ്ടർ, കൊടിയ ക്രിസ്തീയ വിരോധിയായിരുന്നു. മൂന്നു വയസ്സുള്ള കുരിയാക്കൊസിനെയും കൂട്ടി അവർ പലായനം ചെയ്തു. അന്ത്യോക്യയിലെ തർസൂസ് പട്ടണത്തിൽ അവർ എത്തിയപ്പോൾ അവർ കണ്ടു പിടിക്കപ്പെട്ടു.

രണ്ടുപേരെയും ഗവർണറുടെ മുൻപിൽ ഹാജരാക്കപ്പെട്ടു. യൂലീത്തിയെ അലക്സാണ്ടർ വിചാരണ ചെയ്തു. വിചാരണയിൽ പതറാതെ യൂലീത്തി താൻ ക്രിസ്ത്യാനി ആണെന്നും മരണം വരെ ക്രിസ്തുവിനെ ഉപേക്ഷിക്കില്ലെന്നും വെളിപ്പെടുത്തി. യൂലീത്തിയെ പീഡ

നത്തിനായി ഗവർണർ ഏൽപ്പിച്ചു കൊടുത്തു. ഇത് കണ്ട കുട്ടി താൻ ഒരു ക്രിസ്ത്യാനി ആണെന്നും തനിക്കു അമ്മയുടെ കൂടെ പോകണം എന്നും വിളിച്ചു പറഞ്ഞു. കുപിതനായ അലക്സാണ്ടർ യൂലീത്തിയുടെ മുന്നിൽ വച്ചുതന്നെ മൂന്നു വയസ്സുള്ള കുറിയാക്കോസിനെ എടുത്ത് നിലത്തടിക്കുകയും സ്റ്റെപ്പിലൂടെ കാൽ കൊണ്ട് തൊഴിച്ച് ഉരുട്ടി വിടുകയും ചെയ്തു. തലയോട് തകർന്നും എല്ലുകൾ നുറുങ്ങിയും കുഞ്ഞു കുറിയാക്കോസ് അപ്പോൾ തന്നെ അന്ത്യശ്വാസം വലിച്ചു.

ഇത് കണ്ടു നിന്ന് യൂലീത്തി അൽപ്പം പോലും പതറാതെ, തന്റെ മകൻ സഹദേൻമാരുടെ ഗണത്തിലേക്ക് ഉയർത്തപ്പെട്ടതിനാൽ ദൈവത്തെ സ്തുതിക്കുന്നു എന്ന് ഉച്ചത്തിൽ പറഞ്ഞു. കുപിതനായ ഗവർണ്ണർ യൂലീത്തിയുടെ ശരീരത്തിലെ രണ്ടു വശങ്ങളും കൊളുത്തുകൾ കൊളുത്തി വലിക്കാൻ ഉത്തരവിട്ടു. ഇപ്രകാരമുള്ള കൊടിയ പീഡനങ്ങൾക്ക് ശേഷം യൂലീത്തിയെ തല അറുത്തു കൊന്നു.

മഹാനായ കോൺസ്റ്റന്റൈൻ ചക്രവർത്തിയുടെ നേതൃത്വത്തിൽ എഡി 337 ൽ രണ്ടുപേരുടെയും തിരുശേഷിപ്പുകൾ കണ്ടെടുക്കപ്പെടുകയും കുസ്തന്തീനോസ്പോലിസിലെ ഒരു ആശ്രമത്തിൽ സ്ഥാപിക്കപ്പെടുകയും ചെയ്തു. മോർ കുറിയാക്കോസ് സഹദായുടെയും അമ്മയായ മോർത്ത് യൂലീത്തിയുടെയും ഓർമ്മ ജൂലൈ 15 ന് സഭ കൊണ്ടാടുന്നു.

തന്റെ മകനെ ചെറുപ്പം മുതൽ ഉറച്ച ക്രിസ്തീയ വിശ്വാസത്തിൽ വളർത്തിക്കൊണ്ടുവരാൻ യൂലത്തി കാണിച്ച ഉത്സാഹം നമുക്ക് മാതൃകയാണ്. കൂടാതെ സ്വന്തം മകൻ മരിച്ചു വീഴുന്നത് കണ്ടിട്ടും കൊടിയ പീഢനങ്ങൾ ഏറ്റിട്ടും ക്രിസ്തുവിനെ തള്ളിപറയാതെ മരണം വരിച്ച യൂലീത്തിയുടെ ധൈര്യവും സ്ഥൈര്യവും നമുക്ക് ഓർമിക്കാം. ഉറച്ച ക്രിസ്തീയ അപ്പോസ്തോലിക വിശ്വാസത്തിൽ നിലനിൽക്കാൻ മാർ കുറിയാക്കോസിന്റയും അമ്മ യൂലീത്തിയുടെയും പ്രാർത്ഥന നമുക്ക് കോട്ടയും അഭയവും ആയിരിക്കട്ടെ!

മെത്രാപ്പോലീത്തായുടെ ഔദ്യോഗിക ഇടവക സന്ദർശനം

2023 ജൂൺ 25
ഇടവങ്കാട് സെന്റ് മേരീസ്

2023 ജൂലൈ 2
നൂറനാട് സെന്റ് തോമസ്

2023 ജൂലൈ 9
ഓതറ സെന്റ് മേരീസ്

2023 ജൂലൈ 16
മുളക്കുഴ സെന്റ് മേരീസ്

2023 ജൂലൈ 23
ആറാട്ടുപുഴ സെന്റ് മേരീസ്

2023 ജൂലൈ 30
ഉള്ളന്നൂർ സെന്റ് മേരീസ് വലിയപള്ളി

ദിവ്യബോധനം സെമിനാർ

ദിവ്യബോധനം POCE 6-ാം പുസ്തകത്തിന്റെയും DOCE 16-ാം പുസ്തകത്തിന്റെയും സെമിനാർ 13.5.23 ശനിയാഴ്ച ബഥേൽ അരമനയിൽ വച്ച് നടത്തപ്പെട്ടു. റവ. ഫാ. റിനോ കെ. മാത്യു കൂർത്തമല സെമിനാർ നയിച്ചു.

POCE 7-ാം പുസ്തകത്തിന്റെയും DOCE 17-ാം പുസ്തകത്തിന്റെയും സെമിനാർ ജൂലൈ 17-ാം തീയതി തിങ്കളാഴ്ച രാവിലെ 9.30 ന് ബഥേൽ അരമനയിൽ വച്ച് നടത്തപ്പെടുന്നതാണ്. ക്ലാസ്സുകൾ നയിക്കുന്നത് റവ. ഫാ. ജോജി ജെയിംസ് ജോർജ് (അസി. വികാരി, സെന്റ് മേരീസ് കത്തീഡ്രൽ, പുത്തൻകാവ്) ആണ്. എല്ലാ പഠിതാക്കളും വന്നു സംബന്ധിക്കണമെന്ന് ദിവ്യബോധന ഭാരവാഹികൾ അറിയിച്ചു.

മാസികയുടെ വരിസംഖ്യ 2023 ആഗസ്റ്റ് 15 ന് മുമ്പ് 250/- രൂപ നൽകി പുതുക്കേണ്ടതാണ്. വരിസംഖ്യ പുതുക്കാത്തവർക്ക് 2023 സെപ്റ്റംബർ മുതൽ മാസിക ലഭിക്കുന്നതല്ല. ആയുഷ്ക്കാല വരിസംഖ്യ (12 വർഷം) 2500/- രൂപ.

ഫാ. ഷാനു ഏബ്രഹാം ബുധനൂർ

അഗ്നിയുടെ പ്രവാചകനായ ഏലിയാവ്



ഇസ്രായേലിന്റെ ചരിത്രത്തിൽ ബി.സി. 9 നൂറ്റാണ്ടിൽ ധ്രുവതാരകം പോലെ ഉദിച്ചുയർന്ന പ്രവാചകനിരയിലെ ധീരതയുടെ ഗംഭീര ശബ്ദമായിരുന്നു ഏലിയാ ദീർഘദർശി. ഗിലയാദിലെ തിശ്ബിയെന്ന ഗ്രാമത്തിൽ നിന്നുള്ള പ്രവാചകന്റെ പൂർവിക ചരിത്രത്തെക്കുറിച്ച് തിരുവചനം മൗനം പാലിക്കുന്നു. മൽക്കിസദേക്കിനെപ്പോലെ മാതാപിതാക്കന്മാരെക്കുറിച്ചോ വംശപാരമ്പര്യങ്ങളെക്കുറിച്ചോ തന്റെ ആയുസ്സിന്റെ ആരംഭമോ അവസാനമോ ഇല്ലാത്തവനായി, എന്നാൽ പഴയനിയമത്തിന്റെ താളുകളിൽ നിറഞ്ഞുനിൽക്കുകയും പുതിയ നിയമത്തിൽ ഏറെ പരാമർശിക്കപ്പെടുകയും ചെയ്യുന്ന പ്രവാചകനാണ് ഏലിയ. രാജാക്കന്മാരുടെ പുസ്തകമനുസരിച്ച് ഏലിയാവിന്റെ ചരിത്രത്തെ ആറു സുപ്രധാന ഭാഗങ്ങളായി കാണാം. ഒന്നാമതായി യിസ്രായേലിൽ മഞ്ഞും മഴയും ഉണ്ടാകുകയില്ല എന്ന പ്രവചനം നടത്തി (1 രാജാ. 17). ഈ ക്ഷാമകാലത്ത് യഹോവ ഏലിയാവിനെ അത്ഭുതകരമായി പാലിച്ചു. സാരെഫാത്തിലെ വിധവയുടെ മകനെ ഇദ്ദേഹം ഉയിർപ്പിച്ചു (1 രാജാ.17:17-24).

രണ്ടാമതായി കർമ്മേൽ പർവ്വതത്തിൽ ബാലിന്റെ പ്രവാചകന്മാരെ വെല്ലുവിളിച്ച് ഏലിയാ വിജയം വരിച്ചു (1 രാജാ. 18). ബാലിന്റെ നാനൂറ്റമ്പത് പ്രവാചകന്മാരെയും ഇസെബേലിന്റെ നാനൂറ് അശേരാ പ്രവാചകന്മാരെയും ഒറ്റയ്ക്ക് കർമ്മേൽ പർവ്വതത്തിൽ വച്ചു ഏലിയാവ് നേരിട്ടു. ആകാശത്തു നിന്ന് അഗ്നി ഇറങ്ങി വന്ന് ഏലിയാവിന്റെ ബലിയെ ദഹിപ്പിച്ചു (1 രാജാ. 18:32-40). മൂന്നാമതായി ഈസെബെലിനെ ഭയന്ന് ഏലിയാ ഹോരേബിലേക്ക് പലായനം ചെയ്തു. ഇവിടെവച്ച് ഹസായേലിനെ ആരാമിന്റെ രാജാവായും, യേഹുവിനെ യിസ്രായേലിന്റെ രാജാവായും ഏലീശായെ തന്റെ പിൻഗാമിയായിട്ടും വാഴിക്കുന്നതിന് ഏലിയാവിനു ദൈവത്തിന്റെ അരുളപ്പാടുണ്ടായി (1 രാജാ.19:15-17). നാലാമതായി നാബോത്തിന്റെ മുന്തിരിത്തോട്ടം കൈവശമാക്കുവാൻ ആഹാബ് നടത്തുന്ന കുൽസിത പ്രവർത്തനങ്ങൾക്കെതിരായി ഏലിയാ പ്രവചനം നടത്തി (1 രാജാ. 21). അഞ്ചാമതായി അഹസ്യാവ് എക്രോണിലെ ദേവനായ ബാൽസെബൂബിനോട് അരുളപ്പാട് ചോദിക്കാൻ പോകുമ്പോൾ അതിനെതിരായി ഏലിയാ പ്രവചനം നടത്തുന്നുണ്ട് (2 രാജാ. 1). ആറാമതായി ഏലിയാവ് അഗ്നിരഥത്തിൽ സ്വർഗത്തിലേക്ക് എടുക്കപ്പെടുന്നു (2 രാജാ.2). പൗരസ്ത്യ സഭയുടെ ആരാധന പാരമ്പര്യങ്ങളിൽ മോശയോടൊപ്പം സമഭാവത്തോടെ നിൽക്കുന്ന ഒരു പ്രവാചകനുമാണ്. ഇസ്രായേൽ രാജാക്കന്മാരായ ആഹാബിന്റെയും അഹസ്യാവിന്റെയും കാലത്ത് നടമാടിയ പാഷണ്ഡതയിൽ നിന്നും ദൈവജനത്തെ വീണ്ടെടുത്ത്

സത്യവിശ്വാസത്തിലേക്ക് നയിക്കുകയെന്ന ദൗത്യം കൈമുതലാക്കിയ പ്രവാചകൻ. യഹോവ ദൈവ മാകുന്നു എന്നർത്ഥമുള്ള ഏലിയാവിന്റെ നാമവും പ്രവർത്തികളും തിരുവചനത്തിൽ പല സന്ദർഭങ്ങളിൽ പരാമർശിക്കുന്നു. ഏലിയാവിന്റെ തിരിച്ചുവരവ് പ്രവചിച്ചുകൊണ്ടാണ് പഴയനിയമം (മലാ. 4:4-6) അവസാനിക്കുന്നത്. പുതിയനിയമത്തിലേക്ക് പ്രവേ ശിക്കുമ്പോൾ ഏലിയ തിരിച്ചുവന്നതായി ക്രിസ്തു തന്നെ സ്നാപക യോഹന്നാനെക്കുറിച്ച് (മത്താ 17:11,12) പറയുന്നു. മോശയെപ്പോലെ സീനായി മലയിൽ ദൈവസാമീപ്യം അറിയുകയും നെബോ പർവതസാനുക്കളിലെവിടെയോ വച്ച് ഭൗതികയാത്ര അവസാനിപ്പിക്കുകയും ചെയ്ത മോശയോടൊപ്പം ഏലിയാ ക്രിസ്തുവിന്റെ മഹത്തീകരണവേളയിൽ (മത്താ.17:3) സന്നിഹിതനായിരുന്നു. യഹൂദന്മാരുടെ ഇടയിലും പ്രവാചകനെക്കുറിച്ചുള്ള സങ്കല്പം ഉന്നതമായിരുന്നു. യോഹ.1:25; മത്താ.27:47. റോമാ ലേഖനത്തിലെ (11:2) പരാമർശം പൗലോസിനെ പോലെയുള്ള ഒരു പണ്ഡിതനും ഏലിയായുടെ അനുഭവങ്ങളിൽ നിന്ന് ആവേശം കൊണ്ടിരിക്കുന്നു എന്നതിന് തെളിവാണ്.

വി. കുർബാനയിൽ പരിശുദ്ധാത്മാവിനായുള്ള ആഹ്യാനത്തിന് ഉപയോഗിക്കുന്ന 'കർത്താവേ, എന്നോട് ഉത്തരം അരുളി ചെയ്യണമേ' എന്നത് ഏലിയാവിന്റെ പ്രാർത്ഥനയാണ്. ബാലിന്റെ 450 പ്രവാചകന്മാരെയും അശേരയുടെ 400 പ്രവാചക ന്മാരെയും പിടിച്ചു കീശോൻ തോട്ടിന്നരികെ വെച്ചു ഒറ്റയ്ക്കുനിന്ന് യഹോവയ്ക്ക് വേണ്ടി തീഷ്ഠതയോടെ പോരാടി വെട്ടിക്കൊന്നു കളഞ്ഞ ധീരനായ പ്രവാചകന് ഇസബേൽ രാജ്ഞി ദൂതൻ മുഖാന്തരം കൊല്ലുവാ നുള്ള ആഹ്വാനം അറിയിച്ചപ്പോൾ ഭയചകിത നായി മരുഭൂമിയിൽ കൂടി നടന്നു ഒരു ചൂരച്ചെടിയുടെ തണലിൽ ഇരുന്ന് മരിപ്പാൻ ഇച്ഛിക്കുന്നു. ഭയപ്പെ ടുത്തുന്ന ചുറ്റുപാടുകളിൽ നിന്നൊക്കെ ഏലിയാവിനെ ദൈവദൂതൻ മുഖാന്തരം ധൈര്യം നൽകുകയും പുതിയ ചുമതലകൾ ഏൽപ്പിക്കുകയുമാണ്. ആരാം രാജ്യത്ത് ഹസ്സായേലിനെ രാജാവായി അഭിഷേകം ചെയ്യുവാൻ മടങ്ങിപോകണമെന്നും നിംശിയുടെ മകനായ യേഹുവിനെ ഇസ്രായേലിന് രാജാവായി അഭിഷേകം ചെയ്യണമെന്നും തന്റെ പിൻഗാമിയായി സാഫാത്തിന്റെ മകനായ ഏലീശയെ പ്രവാചക നായി അഭിഷേകം ചെയ്യണമെന്നും ഓർമ്മിപ്പിച്ച് ഭയപ്പെട്ടു ഒളിച്ചോടിയ പ്രവാചകനെ ദൈവം തള്ളിക്കളയാതെ ശക്തികരിച്ച് ബലപ്പെടുത്തി പുതിയ ഉത്തരവാദിത്തങ്ങൾ ഏൽപ്പിച്ചു. ഹോറേ ബിലെ ഗുഹയിൽ ഒളിച്ചിരിക്കുമ്പോൾ കൊടുങ്കാറ്റും ഭൂകമ്പവും അഗ്നിയുണ്ടായെങ്കിലും ദൈവസാന്നിധ്യം തിരിച്ചറിഞ്ഞത് മൃദുസ്വരം ശ്രദ്ധിച്ചപ്പോളാണ്. ദൈവസന്ദേശം ശാന്തമായ അന്തരീക്ഷത്തിലും ഏകാന്തതയിലും തിരിച്ചറിയണമെന്ന് പ്രവാചക ജീവിതം നമ്മെ ഓർമ്മപ്പെടുത്തുന്നു. ജൂലൈ മാസം 20 പാശ്ചാത്യ പൗരസ്ത്യ സഭകൾ പ്രവാചകന്റെ പെരുന്നാൾ കൊണ്ടാടുന്നു.

കവിത

ഞാൻ

ഇ.വൈ. കോശി വെണ്മണി

നരകത്തിന്റെ വാതിൽ
എനിക്കായ് ദൈവം
തുറന്നിട്ടിരുന്നു.
അകലെ സ്വർഗ്ഗവാതിൽ ഞാൻ കണ്ടു.
അത് അടഞ്ഞുകിടന്നിരുന്നു.
അടുത്തൊരു ഫലകവും ഞാൻ കണ്ടു
അതിൽ സന്മനസ്സുള്ളവർക്ക് പ്രവേശനം
എന്നെഴുതിയിരുന്നു.
സ്വർഗ്ഗവാതിലിൽ ഞാൻ മുട്ടി
അകത്തുനിന്നു ദൈവം കിളിവാതിലിലൂടെ
നരകത്തിനുനേരേ വിരൽചൂണ്ടിപ്പറഞ്ഞു
നിനക്കായ് നരകവാതിൽ ഞാൻ
തുറന്നിട്ടിരിക്കുന്നു.
പ്രവേശനം നിനക്കവിടെ മാത്രം
ഞാൻ എന്റെ ഹൃദയത്തിലേക്കു നോക്കി
ചെയ്ത തിന്മകളല്ലാതെ മറ്റൊന്നും
അവിടെ ഞാൻ കണ്ടില്ല.
പുഞ്ചിരിച്ചുകൊണ്ട് ഞാൻ
നകരവാതിലിനു നേരെ നടന്നു.

ഫാ. തോമസ് ചാണ്ടി കുന്നംകുളം

വിസ്മയം... ഈ വിനയ ചരിത്രം!!!

കാലം ചെയ്ത പരിശുദ്ധ പൗലോസ് ദ്വിതിയൻ ബാവാ തിരുമനസ്സിന്റെ രണ്ടാം ഓർമ്മപ്പെരുന്നാൾ മലങ്കരയാകെ കൊണ്ടാടുമ്പോഴും ഇന്നും ആ പിതാവ് നമ്മെ വിട്ടു പിരിഞ്ഞു എന്ന് ഉൾക്കൊള്ളുവാൻ നമുക്ക് സാധിച്ചിട്ടില്ല എന്നതാണ് വാസ്തവം. ജീവിതാവസാനം വരെ സഭയുടെ ഉന്നമനത്തിനായി പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്ത് നമ്മിൽ നിന്നും വാങ്ങിപ്പോയ പിതാവ് സ്വർഗീയ മഹോന്നതങ്ങളിൽ നമുക്കായി മദ്ധ്യസ്ഥതയായിരിക്കുന്നു എന്നതാണ് നമുക്കേറ്റം പ്രത്യാശ നൽകുന്നത്.

പരിശുദ്ധനായ പിതാവിന്റെ ദീപ്തസ്മരണകൾക്കു മുൻപിൽ പ്രണാമം അർപ്പിക്കുന്നതോടൊപ്പം ആ പിതാവിനെ അനുസ്മരിക്കുവാൻ ലഭിച്ച അവസരത്തെ നന്ദിയോടെ സ്മരിക്കുന്നു.

ഒരിക്കൽ പരിചയപ്പെട്ട ഏതൊരാൾക്കും ''എന്റെ സ്വന്തം ബാവാ തിരുമേനി'' എന്ന് പറയത്തക്കവിധം വിശുദ്ധിയുടെയും നൈർമല്യത്തിന്റെയും ഒരു വസന്തകാലം നൽകി നമ്മെ വിട്ടുപിരിഞ്ഞ പിതാവ് ഇന്നും ജനഹൃദയങ്ങളിൽ ഒളിമങ്ങാതെ നിൽക്കുന്നു എന്നതാണ് ആ പരിശുദ്ധ പിതാവിന്റെ ശിശുസഹജമായ നൈർമല്യത്തിന്റെ ഉത്തമ ഉദാഹരണം.

പരിശുദ്ധ പിതാവിനെക്കുറിച്ച് അനുസ്മരിക്കുമ്പോൾ എവിടെ തുടങ്ങണം, എങ്ങനെ അവസാനിപ്പിക്കണം എന്നതാണ് കുഴയ്ക്കുന്ന പ്രശ്നം. അതിനു കാരണം മറ്റൊന്നല്ല, പറഞ്ഞാൽ ഒതുങ്ങാത്ത വിധം ഒരായിരം സ്മരണകൾ നിലനിർത്തിക്കൊണ്ടാണ് പരിശുദ്ധ പിതാവ് നമ്മെ വിട്ടു പിരിഞ്ഞത്.

2017 ജൂലൈ 3 മാർത്തോമ്മാ ശ്ലീഹായുടെ ദുഖ്റോനോ പെരുന്നാളിന് പഴയ സെമിനാരിയിൽ വിശുദ്ധ കുർബ്ബാന അർപ്പിച്ച് തിരികെ ദേവലോകത്തേക്ക് പോകുംവഴി കോട്ടയം ഭദ്രാസനത്തിലെ നിർമ്മാണത്തിലിരിക്കുന്ന പള്ളിയുടെ പുരോഗതി വീക്ഷിക്കുവാൻ അവിടെയെത്തി തിരികെ പുതുപ്പള്ളി എത്തിയപ്പോൾ, ദേവലോകം ഓഫീസിൽ നിന്നും ഫോൺ വിളിച്ച്, കോലഞ്ചേരി പള്ളിക്കേസിൽ സുപ്രീം കോടതി അന്തിമ വിധി പറഞ്ഞു, അത് സഭയുടെ മുഴുവൻ ദേവാലയങ്ങൾക്കും ബാധകമാണ് എന്നും പരിശുദ്ധ പിതാവ് കേട്ടിട്ട് ആദ്യം പറഞ്ഞത് ദൈവത്തിന് സ്തുതി എന്നാണ്. പിന്നെ പറഞ്ഞു അമിതമായി ആഹ്ലാദിപ്പാൻ നമ്മുക്കാവില്ല വിധി പകർപ്പ് വരട്ടെ അതിലെ കാര്യങ്ങൾ മനസ്സിലാക്കട്ടെ എന്നാണ്. തുടർന്ന് ദേവലോകത്ത് അരമനയിൽ എത്തിയപ്പോൾ ബഹുമാനപ്പെട്ട അസോസിയേഷൻ സെക്രട്ടറി ബിജു ഉമ്മന്റെ നേതൃത്വത്തിൽ സ്വീകരിച്ചപ്പോഴും തിരുമേനി പറഞ്ഞത് ഇതു തന്നെയാണ്.

പിറ്റേദിവസം ജൂലൈ 4-ാം തീയതി പരിശുദ്ധ പിതാവിന് വി. കുർബ്ബാന ഇല്ലാത്ത ഒരു ദിവസമായിരുന്നു. എന്നാൽ വൈകുന്നേരം പരുമല സെമിനാരിയിൽ വിളിച്ചു പറഞ്ഞു, അവിടെ നാളെ വിശുദ്ധ കുർബ്ബാന അർപ്പിക്കുന്നു എന്ന്. ഞാൻ ഒരു ജിജ്ഞാസയിൽ ചോദിച്ചു എന്തേ തിരുമേനി നാളെ പരുമലയിൽ

ചൊല്ലുന്നത് എന്ന്. അതിനുള്ള മറുപടിയാണ് എന്നെ ചിന്തിപ്പിച്ചത്. 'കുട്ടീ, നമ്മുടെ ആശ്രയം ദൈവത്തിൽ മാത്രമേയുള്ളൂ. ദൈവം തന്നതാണ് സഭയ്ക്കുള്ള വിധി. നമുക്ക് പ്രാർത്ഥിക്കാൻ മാത്രമേ സാധിക്കു ള്ളൂ. അഹങ്കരിക്കുവാനും, അമിത സന്തോഷത്തിനും നമുക്ക് അവകാശമില്ല, അത് ഈ കാര്യത്തിൽ മാത്ര മല്ല കുട്ടീ, ലഭിക്കുന്നതൊക്കെ ദൈവസന്നിധിയിൽ വിനയപ്പെടാനെ അവകാശമുള്ളൂ. അത് വെറും പറച്ചിൽ മാത്രമല്ല, ആ ജീവിതം ദൈവസന്നിധി യിലെ വിനയപ്പെടലായിരുന്നു. ഒന്നും തന്റെ കഴിവല്ല, ദൈവകൃപയാണെന്ന് വിശ്വസിക്കുന്ന ഒരു മനുഷ്യൻ ഒന്നിനും അവകാശവാദങ്ങൾ പറയുവാൻ ആഗ്രഹി ക്കാതിരുന്നയാൾ.

കേസിന്റെ വിധി വന്നുകഴിഞ്ഞപ്പോൾ, സഭയിലെ പല പ്രമുഖരും സമാധാനശ്രമങ്ങളെപ്പറ്റി പറഞ്ഞപ്പോൾ തിരുമേനി പറഞ്ഞ ഒരു കാര്യമുണ്ട്. 'മലങ്കരസഭ എന്നും സമാധാനശ്രമങ്ങളെ സ്വാഗതം ചെയ്തിട്ടേ യുള്ളൂ. കോടതിപോലും ചോദിച്ചതാണ് ഇത് അവ സാനിപ്പിച്ചുകൂടേ എന്ന് ! അന്നും മലങ്കര സഭയല്ല സമാധാനശ്രമങ്ങളെ തകിടം മറിച്ചത്. സമാധാനശ്രമ ങ്ങളോട് പൂർണ്ണമായി പുറംതിരിഞ്ഞുനിന്നവർ അന്തി മകോടതി വിധി എതിരായി വന്നപ്പോൾ സമാധാന ശ്രമങ്ങളുമായി വരുന്നത് ശരിയായ രീതിയല്ല, അത് വിശ്വസിക്കാവുന്നതല്ല. ഇപ്പോൾ സമാധാനമെന്നും യോജിപ്പെന്നും പറഞ്ഞ് ഞാൻ ഈ വിധിയിൽ വെള്ളം ചേർത്താൽ ഒരു പക്ഷേ, ഇപ്പോൾ എനിക്ക് പേരും പ്രശസ്തിയും ഉണ്ടാകും. എന്നാൽ പിന്നീട് വീണ്ടും സഭയിൽ ഭിന്നതയുണ്ടാകും.അപ്പോൾ അന്ന് എല്ലാ വരും എന്നെ പഴിക്കുവാൻ ഇടവരും. അതുകൊണ്ട് ഇനിയൊരു വ്യവഹാരത്തിന് സഭയെ ഞാൻ തള്ളി വിടില്ല. വ്യവഹാരരഹിത മലങ്കരസഭ എന്നതാണ് എന്റെ പ്രാർത്ഥനയും ലക്ഷ്യവും'.

വിധി വന്നനാൾ മുതൽ ഈ വിധി സംരക്ഷി ക്കപ്പെടുവാനും പരിശുദ്ധ സഭയിൽ സമാധാനം പുലരുവാനും പരിശുദ്ധ പിതാവ് പലതും സഹിച്ചു. പല ത്യാഗങ്ങളും, സഹനങ്ങളും നാം വിചാരിക്കുന്ന തിലും അധികമായിരുന്നു എന്നത് അടുത്തു നിന്നു കണ്ടൊരാൾ എന്ന നിലയിൽ പറയുവാൻ സാധി ക്കും? ഊണിലും ഉറക്കത്തിലും എന്നും, എല്ലാ സമയങ്ങളിലും സഭയ്ക്കുവേണ്ടി നിലനിന്നൊരാൾ, അങ്ങനെ പറയുന്നത്, ആ സമയങ്ങൾ എത്രമാത്രം ദുഷ്കരമായിരുന്നു എന്ന് പറഞ്ഞറിയിക്കാൻ പറ്റാത്ത അവസ്ഥയായിരുന്നു. അങ്ങനെയുള്ള സമയങ്ങളിൽ ഒന്നായിരുന്നു സഭയ്ക്കുള്ളിൽ നിന്നും ചില പ്രഗത്ഭ വ്യക്തികളുടെ സമ്മർദം. അതും മറ്റൊന്നായിരുന്നില്ല. ചില വിട്ടുവീഴ്ചകൾക്കനുസരണമായി സമാധാനം സ്ഥാപിക്കണം എന്നത് അവിടൊക്കെയും പരിശുദ്ധ പിതാവിന്റെ നിലപാട് ഉറച്ചതായിരുന്നു. ഇനിയൊരു വ്യവഹാരത്തിലേയ്ക്ക് ഈ സഭയെ തള്ളിവിടാൻ പറ്റില്ല. വ്യവഹാര രഹിതമായിരിക്കണം സഭ. ഇന്നും അദ്ദേഹത്തിന്റെ നിലപാടുകൾ ശരിയായിരുന്നു എന്ന് കാണുമ്പോൾ നമുക്ക് പറയുവാൻ സാധിക്കും. ആ പിതാവ് എത്രമാത്രം സഭയെ സ്നേഹിക്കുന്നു എന്നും, മരണത്തെ ഇത്രമാത്രം സന്തോഷത്തോടെ നേരിട്ട ഒരു മനുഷ്യനെ ഒരു പക്ഷേ നമ്മൾ കണ്ടുകാണില്ല. ക്യാൻസർ രോഗം സ്ഥിരീകരിച്ചതിനുശേഷം ആദ്യ മായി നേരിൽ കാണുന്നത് ദേവലോകം അരമനയിൽ വച്ചാണ്. ആശുപത്രിയിൽ നിന്ന് തിരികെ അരമന യിൽ എത്തിയതിനുശേഷം സന്ദർശനാനുമതികളാകെ പരിമിതപ്പെടുത്തിയ സമയം, ഒരു വൈകുന്നേരം ഒരു നോക്ക് കാണുവാൻ ചെന്നു. രോഗത്തിന്റെ തീവ്രതയെപ്പറ്റി അറിവുണ്ടായിരുന്നതിനാൽ എന്ത്, എങ്ങനെ സംസാരിക്കണം എന്നതായിരുന്നു എന്നെ അലട്ടിക്കൊണ്ടിരുന്ന പ്രശ്നം. കാരണം, തിരുമേ നിയെ നേരിട്ടറിയാവുന്ന ഏവർക്കും അറിയാവുന്ന ഒരു കാര്യമാണ്. തിരുമേനിയുടെ സംസാരരീതിയും പ്രകൃതവും ചിരിച്ചും സ്നേഹത്തോടെയും സംസാ

രിക്കുന്ന ഒരു വ്യക്തിയുടെ മുൻപിൽ ഈ അവസ്ഥയിൽ എന്തുപറയണം എന്നറിയാതെയാണ് ചെന്നത്. എന്നാൽ എന്റെ മുൻധാരണകളെയൊക്കെ തോൽപിച്ചുകൊണ്ട്, വളരെ സന്തോഷത്തോടെ ചോദിച്ചു. കുട്ടി എന്നാണ് നാട്ടിൽ വന്നത് ? ഞാൻ ഉത്തരം പറയുവാൻ തെല്ലു ബുദ്ധിമുട്ടി. എങ്കിലും പറഞ്ഞൊപ്പിച്ചു. പിന്നെ എനിക്കൊന്നും മിണ്ടുവാൻ ഇല്ലായിരുന്നു. അപ്പോൾ തിരുമേനി പതിവുശൈലിയിൽ, കുട്ടി അസുഖവിവരമൊക്കെ അറിഞ്ഞില്ലേ. പേടിക്കുവാൻ ഒന്നുമില്ല ദൈവം കരുതിക്കോളും. മരിക്കുവാൻ എനിക്കു പേടിയില്ല. ഒരു ആഗ്രഹം മാത്രമുണ്ട് ബാക്കി. അതും ഞാൻ ദൈവത്തോട് ചോദിക്കും. ദൈവം എന്തു മറുപടി തന്നാലും സന്തോഷമേയുള്ളൂ. അത് മറ്റൊന്നുമല്ല ഞാൻ മോശയെപ്പോലെ വാഗ്ദത്ത നാടിന്റെ പടിവാതിൽക്കൽ വരെയെത്തി. ശാശ്വത സമാധാനമെന്ന വാഗ്ദത്ത ഭൂമിയിലേക്ക് ഈ സഭയെ എത്തിച്ചിട്ട് തിരികെ പോകണമെന്ന് ഒരാഗ്രഹമുണ്ട്. ദൈവഹിതം എന്താണെങ്കിലും എനിക്ക് സന്തോഷമേയുള്ളൂ. എനിക്കതിന് സാധിച്ചില്ലെങ്കിലും സഭയെ ദൈവം കരുതിക്കൊള്ളും.

ശാശ്വത സമാധാനമെന്ന വാഗ്ദത്ത ദേശത്തിലേക്ക് പരിശുദ്ധ സഭ കടക്കുന്നത് കാണുവാൻ ആ പിതാവ് കാത്തുനിന്നില്ലെങ്കിലും ദൈവസന്നിധിയിൽ സഭയ്ക്കായി മദ്ധ്യസ്ഥതയണയ്ക്കുന്നുവെന്ന് നമുക്ക് മനസ്സിലാക്കുവാൻ സാധിക്കും.

ഒന്നിനോടും അധികഭ്രമമില്ലാതെ എല്ലാം പങ്കുവയ്ക്കുവാൻ പഠിപ്പിച്ച ഒരു പിതാവ് തനിക്കുള്ളത് മറ്റുള്ളവർക്കുകൂടെ അർഹതപ്പെട്ടതാണെന്ന ബോധ്യത്തോടെ ജീവിച്ച പിതാവ് ചെയ്യുന്ന ഉപകാരങ്ങൾ ആരും അറിയരുതെന്ന് ആഗ്രഹിച്ചു. ഒരു പിതാവ്. നിലപാടുകളുടെ കാർക്കശ്യങ്ങൾക്കൊണ്ട് ചിലപ്പോഴെങ്കിലും തെറ്റിദ്ധരിക്കപ്പെട്ട ഒരു പിതാവ്. ആരൊക്കെ എന്തൊക്കെ പറഞ്ഞാലും തന്റെ സഭയ്ക്ക് താൻ മൂലം ഒരു കോട്ടവും സംഭവിക്കരുതെന്ന് ആഗ്രഹിച്ച പിതാവ്. നിലപാടുകളിലെ കാർക്കശ്യം മൂലം നഷ്ടപ്പെടുത്തിയ ചില സൗഹൃദങ്ങൾ, സമ്പാദിച്ച ചില ശത്രുക്കൾ, ലാഭമായി ലഭിച്ച ചില വേദനകൾ അങ്ങനെയാകെ നോക്കിയാൽ ഒരു പുരുഷായുസ്സിൽ അനുഭവിക്കേണ്ടുന്ന വേദനകൾ പലതും സഹിച്ച് കടന്നു വന്നൊരാളെ, ഒടുവിൽ രോഗത്തിന്റെ വേദനകൾക്ക് ബുദ്ധിമുട്ടിക്കുവാനായില്ല എന്നതാണ് സത്യം.

നിലപാടുകളിലെ കാർക്കശ്യത്തെക്കുറിച്ചു സൂചിപ്പിക്കുമ്പോൾ, വ്യക്തിപരമായി എന്റെ മനസ്സിലേക്ക് ഓടിവന്നത് ഏകദേശം എട്ടുവർഷങ്ങൾക്കുമുൻപ് നടന്ന എന്റെ ശെമ്മാശ്ശ പട്ടംകൊടയാണ്. അനുഗ്രഹീതമായി നടന്ന ആ ശുശ്രൂഷയ്ക്ക് ശേഷം കൂടിയ അനുമോദന സമ്മേളനത്തിലേക്ക് അന്ന് കേരളത്തിൽ ഭരണത്തിലുണ്ടായിരുന്ന ഒരു മന്ത്രി അതിഥിയായി കടന്നുവന്നതും തുടർന്നുണ്ടായ കാര്യങ്ങളും അന്ന് മലങ്കരസഭ മുഴുവൻ ചർച്ചചെയ്തതാണ്. എന്നാൽ പിതാവ് പറഞ്ഞ ഒരൊറ്റ കാര്യമേ അതിലുണ്ടായിരുന്നുള്ളൂ. പരിശുദ്ധ സഭയുടെ സുന്നഹദോസ് നിശ്ചയത്തെ അതിന്റെ തലവനായിരിക്കുന്ന ഞാൻ തന്നെ തെറ്റിച്ചാൽ എങ്ങനെ ശരിയാകും? അതായിരുന്നു പിതാവിന്റെ നിലപാടുകളിലെ സുതാര്യത. നിലപാടുകളിൽ വെള്ളം ചേർക്കുവാൻ ഒരിക്കൽ പോലും അദ്ദേഹം സമ്മതിച്ചിരുന്നില്ല.

ഉപകാരങ്ങൾ ചെയ്യുന്നത് മറ്റുള്ളവർ അറിയുന്നതിനോ, പ്രശസ്തിക്കോ ആയിട്ട് ചെയ്യുവാൻ ഒരിക്കൽ പോലും ശ്രമിക്കാറില്ലായിരുന്നു എന്നത് അദ്ദേഹത്തിന്റെ വലിയൊരു ഗുണമായിരുന്നു. അതുകൊണ്ട് തന്നെ എത്രയോ നിർധനരായ, അർഹരായവർക്ക് ആ പിതാവിന്റെ സ്നേഹ വാൽസല്യങ്ങൾക്ക് പാത്രമാകുവാൻ സാധിച്ചു എന്നത് നാം ചിന്തിക്കേണ്ടുന്ന ഒരു വലിയ കാര്യമാണ്. എത്രയോ ആളുകളുടെ കണ്ണുനീരുകൾ തുടയ്ക്കുവാൻ, മൗനമായി അവരെ സഹായിച്ച ഒരു പിതാവ് വേദനിക്കുന്നവരുടെ വേദനകളിൽ കൂടെ നിൽക്കുവാൻ തന്നാലാവും വിധം അവരെ സഹായിക്കുവാനും ശ്രമിച്ചിരുന്നു. അതുകൊണ്ട് തന്നെ, എത്രയോ ഹൃദയങ്ങളിൽ പുഞ്ചിരി വിടർത്തുവാൻ ആ പിതാവിനു കഴിഞ്ഞു എന്നത് നാം മനസ്സിലാക്കേണ്ടുന്ന വസ്തുതയാണ്.

കുഞ്ഞുകുട്ടികളെ കാണുന്നതും അവരോട് ചങ്ങാത്തം വയ്ക്കുന്നതും വളരെ ഇഷ്ടപ്പെട്ടിരുന്ന ഒരു പിതാവായിരുന്നു കാലം ചെയ്ത പരിശുദ്ധ ബാവാ തിരുമേനി കുഞ്ഞുങ്ങൾക്കും തിരിച്ചും അങ്ങനെ തന്നെയായിരുന്നു എന്നതും നാം കണ്ടിട്ടുള്ള കാര്യങ്ങളാണ്. ചിലപ്പോഴെങ്കിലുമൊക്കെ ചില കുഞ്ഞുസൗഹൃദങ്ങൾ വളരെ വിസ്മയത്തോടെ നോക്കി നിൽക്കുവാൻ ഇടയായിട്ടുള്ളത് ഇത്തരത്തിൽ ഓർത്തു പോകുകയാണ്.

പ്രാർത്ഥന, ജീവിതവ്രതമാക്കിയവർ, അഥവാ

വൃതമാക്കണം എന്ന് ഒരു വൈദികനെപ്പറ്റി പ്രത്യേകം പറയേണ്ടുന്ന ആവശ്യമില്ല. എന്നാൽ ആരെയും കാണിക്കുവാനല്ലാതെ , ദൈവത്തെ മാത്രം കാണിക്കുവാൻ അഥവാ ദൈവം കാണുവാൻ വേണ്ടി പ്രാർത്ഥിച്ചിരുന്ന ചില ജീവിതങ്ങളുടെ വേറൊരു രീതിയിൽ പറഞ്ഞാൽ ദൈവവുമായി മാത്രം കൂടുതലായി സംസാരത്തിലാകുവാൻ ആഗ്രഹിക്കുന്നവർ, അത്തരത്തിൽ ഞാൻ കണ്ടവരിൽ വച്ച് എന്നെ സ്വാധീനിച്ച ഒരു വ്യക്തിത്വമായിരുന്നു കാലം ചെയ്ത പിതാവ്.

ശാരീരികമായി എത്ര ക്ഷീണമുണ്ടെങ്കിലും യാമനമസ്കാരങ്ങളിൽ ഒരിക്കൽപോലും മടികാണിക്കാത്ത പിതാവ്, യാമപ്രാർത്ഥനകൾക്ക് ശേഷം എത്രയോ സമയങ്ങൾ രഹസ്യപ്രാർത്ഥനകളിലും വേദപുസ്തകവായനയിലും ഉറ്റിരിക്കുന്ന പ്രകൃതം. ദിവസവും രണ്ടു നേരവും വി. വേദപുസ്തക വായന ക്രമമായി നടത്തി, ഒരു വർഷം കൊണ്ട് വേദപുസ്തകം മുഴുവൻ വായിച്ചു തീർക്കുന്നത് സ്ഥിരമായിരുന്നു. അങ്ങനെ വേദപുസ്തകം വായിക്കുന്ന ശീലം കുഞ്ഞുങ്ങളിൽ വളരുവാൻ, സണ്ടേസ്കൂൾ കുഞ്ഞുങ്ങൾക്കായി ഒരു കൈപ്പുസ്തകം നൽകി, അവരിൽ ഈ ശീലം വളർത്തുവാൻ പരിശുദ്ധ പിതാവ് കാണിച്ച താല്പര്യം നാളത്തെ സഭയെക്കുറിച്ചും യുവജനങ്ങളുടെ നേരായ ജീവിതത്തെക്കുറിച്ചുമുള്ള ദീർഘവീഷണമാണ് കാണിച്ചു തരുന്നത്.

പരിശുദ്ധ പൗലോസ് ദ്വിതീയൻ ബാവായുടെ സ്മരണകൾക്ക് മുമ്പിൽ നമ്രശിരസ്കനായി പ്രണാമം അർപ്പിക്കുന്നു.

ഓബ് - ഓഗസ്റ്റ്

1. ശൂനോയോ നോമ്പ് (15 നോമ്പ്) ആരംഭം. രക്തസാക്ഷികളായ മർത്ത് ശ്മൂനിയുടെയും, ഏഴ് മക്കളുടെയും, ഗുരുവായ മാർ ഏലിയാസറിന്റെയും ഓർമ്മ. പൗലോസ് മാർ പക്കോമിയോസ് മെത്രാപ്പോലീത്തായുടെ 11-ാം ഓർമ്മ (റാന്നി - പെരുനാട് ബഥനി ആശ്രമം).
6. പെന്തിക്കോസ്തിയ്ക്കുശേഷം പത്താം ഞായറാഴ്ച. കൂടാരപ്പെരുന്നാൾ (കർത്താവിന്റെ മറുരൂപ പെരുന്നാൾ). അലക്സിയോസ് മാർ തേവോദോസിയോസ് മെത്രാപ്പോലീത്തായുടെ 58-ാം ഓർമ്മ (പെരുനാട് ബഥനി ആശ്രമം)
7. തെസലോനിക്യയിലെ വി. ദെമത്രിയോസിന്റെ ഓർമ്മ. യതിവര്യൻ യൗനാൻ കത്തനാരുടെ (അഞ്ചലച്ചൻ) ഓർമ്മ.
13. കൂടാരപ്പെരുന്നാളിനുശേഷം ഒന്നാം ഞായറാഴ്ച. മീഖാ നിബിയുടെ ഓർമ്മ
14. മാർ അസസായേൽ സഹദായുടെ ഓർമ്മ
15. വി. ദൈവമാതാവിന്റെ വാങ്ങിപ്പു പെരുന്നാൾ (ശൂനോയോ പെരുന്നാൾ). 15 നോമ്പ് വീടൽ. മാർ ഇഗ്നാത്തിയോസ് അബ്ദേദ് മശിഹാ ദ്വിതീയൻ പാത്രിയർക്കീസ് ബാവായുടെ 108-ാം ഓർമ്മ (കുർക്കുമാ ദയറാ). മർത്ത് മറിയം വനിതാ സമാജദിനം. കോട്ടയം ദേവലോകം കാതോലിക്കേറ്റ് അരമന ചാപ്പൽ പെരുന്നാൾ.
16. മാർ ഈവാനിയോസ് ഹിദായത്തുള്ളാ എപ്പിസ്കോപ്പായുടെ 330-ാം ഓർമ്മ (മുളന്തുരുത്തി പള്ളി).
19. സകല നിബിയന്മാരുടെയും ഓർമ്മ. മാർ ലാബി ശ്ലീഹായുടെ ഓർമ്മ. ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്തായുടെ 32-ാം ഓർമ്മ (മുളക്കുളം കർമ്മേൽകുന്ന് പള്ളി).
20 വാങ്ങിപ്പു പെരുന്നാളിനുശേഷം ഒന്നാം ഞായറാഴ്ച. മാർ ശമുവേൽ നിബിയുടെ ഓർമ്മ.
24. മാർ മത്ഥ്യാസ് ശ്ലീഹായുടെ ഓർമ്മ. **തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായുടെ 5-ാം ഓർമ്മ (ഓതറ സെന്റ് ജോർജ്ജ് ദയറാ)**
27. വാങ്ങിപ്പു പെരുന്നാളിനുശേഷം രണ്ടാം ഞായറാഴ്ച.
28. മാർ യോഹന്നാൻ മാംദാനയുടെ ശിരഛേദനത്തിന്റെ ഓർമ്മ
29. പാറേട്ട് മാത്യൂസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ 43-ാം ഓർമ്മ (പാമ്പാടി മാർ കുറിയാക്കോസ് ദയറാ).

Fr. Dr. Renny Thomas
Principal (I/C) St. Gregorios College of
Social Science, Parumala

MINISTRY OF HUMAN EMPOWERMENT
DIOCESE OF CHENGANNUR

Cyber Addiction

Introduction

In many ways the Internet allows us to be more productive and actually saves us a lot of time as we carry out our various day-to-day tasks. Unfortunately, excessive use of the Internet can significantly interfere with functioning in other areas of life such as relationships, education, work, physical heath, and emotional well-being. When going online is your number one priority and you no longer participate in life outside of the virtual world, Cyber Addiction may be a problem you need to address. People who develop problems with their Internet use may start off using the Internet on a casual basis and then progress to using the technology in dysfunctional ways. Use of the Internet may interfere with the person's social life, school work, or job-related tasks at work.

What is Cyber addiction?

It is described as an impulse control disorder, which does not involve use of an intoxicating drug and is very similar to pathological gambling. Some Internet users may develop an emotional attachment to on-line friends and activities they create on their computer screens. Internet users may enjoy aspects of the Internet that allow them to meet, socialize, and exchange ideas through the use of chat rooms, social networking websites, or "virtual communities."

Similar to other addictions, those suffering from Internet addiction use the virtual fantasy world to connect with real people through the Internet, as a substitution for real-life human connection, which they are unable to achieve normally. If a person repeated goes online to avoid real world responsibilities or difficulties and this avoidance creates even more problems in their life, this may suggest the presence of an addiction to the Internet.

The Internet has become one of the most important information resources for adolescents. However, addiction to the Internet can also have a negative impact on academic performance, family relationships, and emotional state in adolescents. This phenomenon has been described as Internet addiction or problematic Internet use and classified as a possible behavior addiction. Previous reports found that 1.4% to 17.9% of adolescents have Internet addiction in both Western and Eastern societies, and this high percentage led Block to argue that

Internet and gaming addictions should be added to the fifth edition of the Diagnostic and Statistical Manual of Mental Disorders. Identification of the risk factors for Internet addiction is therefore of clinical significance for the prevention of, and early intervention into, Internet addiction in adolescents.

Signs of Cyber Addiction

The signs of Cyber Addiction can be broken down into four distinct categories – psychological, physical, behavioral, and relational.

Psychological Signs

- Frequent feelings of guilt after spending too much time online
- Great difficulty avoiding the Internet for recreational use for more than a few days in a row
- Often losing track of time when online (e.g., suddenly noticing that several hours have passed when it seems like just a few minutes)
- Strong feelings of frustration or tension when unable to go online
- Unreasonable justifications for unhealthy levels of use ("Other people are online even more than I am")
- Downplaying the negative effects of excessive Internet use ("At least I am not addicted to drugs or alcohol")
- Loss of interest and participation in hobbies or activities that were once enjoyed
- Feeling calm, content, or happy only when online
- Preoccupation with going online when engaged in other activities (e.g., school, work, or when out with friends)
- Often experiencing negative mood (depression or anxiety) when not on the Internet

Physical Signs

- Significant weight gain or loss due to poor eating habits and lack of physical activity
- Headaches, neck aches, back problems
- Tired, dry, and/or red eyes
- Irregular, unhealthy eating habits
- Behavioral Signs
- Occasional "marathon" Internet sessions lasting all day or all night
- Frequently eating meals in front of the computer or skipping them completely
- Regularly using the Internet until very late at night despite having to get up early the next morning
- Multiple attempts to reduce Internet use with little or no success
- Going online at virtually every opportunity
- Spending more and more time online and less time interacting with others offline
- Often going online while neglecting other important responsibilities (e.g., school, work, family, household tasks)
- Displaying anger or resentment towards those question how much time is spent online
- If a student, decreased time spent studying and poorer academic performance

Relational Signs

Decreased interest in sex

Relationship problems and frequent arguments stemming from one partner spending too much time online

Blaming one's spouse or partner for the amount of time spent on the Internet ("If you paid more attention to me, I wouldn't be online so much"

Losing real world friends, gaining online-only friends

Comments by others expressing concern about one's Internet use

Decreased time spent with family and friends

Deceiving others about the amount of time spent on the Internet

Risk Factors

A common explanation for Internet Addiction is that people turn to the online world in order to reduce negative emotions, stress, depression, or anxiety. It is also argued that those who are lonely or who have low self-esteem may go online to connect with others in an environment that has a lower risk of rejection and a higher degree of anonymity. Many people (even those who are not addicted) use the Internet as a temporary escape from the 'real world". When online, feelings of stress, depression, loneliness are lost in the excitement and exploration of a virtual world.

Adolescents with significant ADHD symptoms were more likely to become addicted to the Internet. The

biopsychosocial characteristics of adolescents with ADHD might explain this association. First, being easily bored and having an aversion to delayed reward have been identified as the 2 core symptoms of ADHD. Internet behavior is characterized by rapid response, immediate reward, and multiple windows with different activities, which may reduce feelings of boredom or delayed aversion in adolescents with ADHD. Second, Koepp and colleagues reported that striatal dopamine is released during video gaming, which may compensate for the dopamine deficit of adolescents with ADHD; thus, they may perform well in games and this may compensate for real-life frustration. Third, adolescents with ADHD have abnormal brain activities associated with impaired inhibition. Lack of self-control may cause them to experience difficulty in controlling Internet use, and hence, they become vulnerable to Internet addiction.

Internet use might be reinforced by pleasurable thoughts and feelings that occur while the person is using the Internet. Although researchers in the field of addiction studies question the concept of an "addictive personality" as such, it is possible that someone who has one addiction may be prone to become addicted to other substances or activities, including Internet use. People with such other mental disorders or symptoms as depression, feelings of isolation, stress, or anxiety, may "self-medicate" by using the Internet in the same way that some people use alcohol or drugs of abuse to self-medicate the symptoms of their mental disorder.

From a social or interpersonal standpoint, there may be familial factors prompting use of the Internet. For example, a person might "surf the Web" to escape family conflict. Another possibility is that social or peer dynamics might prompt excessive Internet use. Some affected persons may lack the social skills that would enable them to meet people in person rather than online. Peer behavior might also encourage Internet use if one's friends are using it. Modeling may play a role—users can witness and experience how others engage in Internet use and then replicate that behavior. The interactive aspects of the Internet, such as chat rooms, e-mail, and interactive games like Multi-User Dungeons and Dragons (MUDS), seem to be more likely to lead to Internet addiction than purely solitary web surfing.

Contd.......

ഗൃഹദീപ്തി

ഫാദർ മാത്യു കോശി, അറ്റ്ലാന്റ

കൂടുമ്പൊഴിമ്പമാർന്നൊരു സ്ഥാനമാണെന്നു
കുടുംബത്തിനാരോ പറഞ്ഞൊരർത്ഥം
കുടുംബമാണഖിലവും ജീവിതാധാരമെന്നോതിയ
വാക്കുകൾ പരമ ശക്തം
പറുദീസ സൃഷ്ടിച്ച സർവലോകേശ്വരൻ
ആദികുടുംബത്തിലാമോദമായ്
ആദവും ഹൗവ്വയും ചേർത്തൊരു വീടിനെ
ചാരുതയോടങ്ങു യോഗ്യമാക്കി
പാപത്തിൻ നിഴലായുണ്ടായ ശാപത്തിൽ
വീണുപോയി വീടിന്റെ ഭംഗിയെല്ലാം
സ്നേഹനിബദ്ധമാം ത്രിയേക യോഗത്താൽ
താതസുതൻ മാനവ ജന്മമാർന്നു
യൗസേഫും മേരിയും തീർത്തൊരു ഗേഹത്തിൽ
വന്നുപാർത്തുണ്ണിതാൻ പുണ്യമേകി
ഭാരത തത്വമാം വാസുദേവ കുടുംബകം
കേട്ടങ്ങു ഭൂലോകം തരളമായി
ബുദ്ധനും രാമനും മുഹമ്മദും മാത്രമോ
ത്രീലോക മൂർത്തികൾ കുടുംബലബ്ദർ
വീടിനായ് സ്വയം വിമലമാക്കുന്നവൻ
പാടിടും അക്ഷയ വിജയഗീതം
വികൃതികൾ കാട്ടി തമ്മിൽ കൊഞ്ഞനം കുത്തുന്ന
ബാന്ധവങ്ങളൊക്കെ മുഴു ബന്ധനങ്ങൾ
കുടുംബമാണീലോക സ്വർഗ്ഗവും നരകവും
തേടുമോ മാനവൻ സൽപ്പാത മാർഗ്ഗങ്ങൾ

ചെങ്ങന്നൂർ മെത്രാസനത്തിന്റെ ശില്പിയും, പ്രഥമ മെത്രാപ്പോലീത്തായുമായ ഭാഗ്യസ്മരണാർഹനായ തോമസ് മാർ അത്താനാസിയോസ് പിതാവിന്റെ 5-ാം ഓർമ്മപ്പെരുന്നാൾ 2023 ആഗസ്റ്റ് 20 മുതൽ 24 വരെ തീയതികളിലായി ഓതറ സെന്റ് ജോർജ്ജ് ദയറായിൽ നടത്തപ്പെടുന്നു. പരിശുദ്ധ കാതോലിക്കാ ബാവാ തിരുമേനിയും അഭിവന്ദ്യ പിതാക്കന്മാരും മുഖ്യനേതൃത്വം നൽകുന്നു. എല്ലാ വിശ്വാസികളെയും പ്രാർത്ഥനാപൂർവ്വം ക്ഷണിക്കുന്നു.

ഫാ. മാത്യു വർഗീസ്, പുളിമൂട്ടിൽ

വിശുദ്ധ യോഹന്നാന്റെ 2, 3 ലേഖനങ്ങൾ

രണ്ടാം ലേഖനം, 1-ാം ലേഖന കർത്താവായ വി. യോഹന്നാൻ തന്നെ എഴുതിയിട്ടുള്ളതായി സമകാലിക പിതാക്കന്മാരായ ഐറേനിയോസും, അലക്സാന്ത്രയിലെ ക്ലെമന്റും സംശയം കൂടാതെ അംഗീകരിച്ചിട്ടുണ്ട്. ഈ ലേഖനത്തിൽ തന്റെ പേര് ഉൾപ്പെടുത്തിയിട്ടില്ലെങ്കിലും ''മൂപ്പനായ ഞാൻ'' എന്നുള്ള ഒരു അഭിസംബോധന ഉണ്ട്. എ.ഡി. 90 നും 95 നും ഇടയിൽ എഫേസൂസിൽ നിന്നും ഒരു മാന്യവനിതയ്ക്ക് ഈ ലേഖനം എഴുതിയതായി മനസ്സിലാക്കാം. ദൈവകല്പനകൾ പ്രമാണിക്കുക (1-6), ദുരുപദേഷ്ടാക്കളിൽ നിന്ന് ഒഴിഞ്ഞിരിക്കുക (7-13) എന്നീ രണ്ടു ഭാഗങ്ങളാണ് ഈ ലേഖനത്തിൽ ഉള്ളത്.

മാന്യനായികയാർ എന്നുള്ളതിന്റെ ഗ്രീക്കു പദം ''എക്ലക്റ്റാകുറിയ' എന്നാണ്. ഈ പദം ഒരു മാന്യ വനിതയെ സൂചിപ്പിക്കുന്നുവെങ്കിൽ ഒന്നുകിൽ യേശുവിന്റെ അമ്മയായ മറിയാമിനെയോ, ഇല്ലയെങ്കിൽ 'കുറിയാ' എന്നത് അരാമ്യഭാഷയിൽ 'മാർത്ത' എന്നതിനാൽ ആസ്യയിലെ ഒരു സഭയുടെ ശുശ്രൂഷകയായിരുന്ന മാർത്തയെയോ ആയിരിക്കും സൂചിപ്പിക്കുന്നത്. മാന്യനായികയാർ എന്നു ഇതിന്റെ ഇംഗ്ലീഷ് പരിഭാഷ The lect lady (Kyria) എന്നാണ്. Kyrios (Christ the Lord) എന്നുള്ളതിന്റെ സ്ത്രീലിംഗ രൂപമാണ് ഗ്യൃശമ. അങ്ങനെയെങ്കിൽ യേശുക്രിസ്തുവിന്റെ മണവാട്ടിയായ ''സഭ''യാണ് മാന്യനായികയാർ എന്നും സൂചനയുണ്ട്.

യേശുക്രിസ്തു ജഡത്തിൽ വന്നു എന്നു സ്വീകരിക്കാത്ത ദുരുപദേഷ്ടക്കാൾക്കെതിരായ (ജ്ഞാന മതക്കാർ) മുന്നറിയിപ്പും, ക്രിസ്തുവിന്റെ ഉപദേശങ്ങളിൽ നിൽക്കാതെ അതിൽ കടന്നുപോകുന്നതിനെതിരായ മുന്നറിയിപ്പും, പൂർണ്ണ പതിഫലം ലഭിക്കേണ്ടതിന് സൂക്ഷിച്ചു കൊള്ളണമെന്നുള്ള മുന്നറിയിപ്പുമാണ് ഈ ലേഖനം എഴുതുന്നതിൽ ലേഖകനെ പ്രേരിപ്പിച്ചത്. ക്രിസ്തുവിന്റെ ഉപദേശത്തിൽ നിൽക്കാത്തവർ അതിരു കടന്നുപോകുന്നവരാണെന്നും, ദൈവത്തിന്റെ വെളിപാട് അനുസരിച്ച് നടക്കുന്നവർ സത്യത്തിൽ നടക്കുന്നവരാണെന്നും ലേഖകൻ ഓർമ്മി പ്പിക്കുന്നു. ക്രിസ്തുവിനെയും യേശുവിനെയും രണ്ടായി ചിന്തിക്കുന്ന സെറീന്തസ്സിന്റെ പഠിപ്പിക്കലിൽ ചേർന്നു പോകാതെ കല്പനകളുടെ അനുസരണമായ സ്നേഹം (അഗാപ്പെ

ഉൾക്കൊണ്ട് ആദിമുതലുള്ള കല്പനയായ അന്യോന്യം സ്നേഹിക്കുക' എന്നുള്ളത് പ്രവർത്തി പഥത്തിലാക്കണമെന്നും ശ്ലീഹാ പഠിപ്പിക്കുന്നു. തിരുവെഴുത്തുകൾ മറന്നുപോകാതെ അതനു സരിച്ച് ജീവിക്കണമെന്നും, അതിഥിസൽക്കാരം മറക്കരുതെന്നും വിശ്വാസികൾക്ക് നിർദ്ദേശം നൽകു മ്പോൾ വ്യാജപദേഷ്ടാക്കൾക്ക് ഒരു സ്വീകരണവും നൽകരുതെന്നും ഓർമ്മിപ്പിക്കുന്നു.

ശ്ലീഹാ അഭിസംബോധന ചെയ്ത മാന്യനായിക യാരുടെ സ്വഭാവത്തെക്കുറിച്ചും ഒരു ചെറുവിവരണം ഈ ലേഖനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ക്രിസ്തു വിന്റെ ഉപദേശത്തിൽ നിലനിൽക്കുന്നവരും, സത്യം വസിക്കുന്നവരും, സത്യം അറിഞ്ഞിട്ടുള്ളവരാൽ സ്നേഹിക്കപ്പെടുന്നവരും, അതിഥികളെ വീട്ടിൽ കൈക്കൊള്ളുന്നവരും, അവരെ പരിചരിക്കുന്ന വരുമാണ്. ലേഖകന്റെ പ്രത്യേക സ്നേഹം ആർജ്ജിക്കുവാൻ കഴിഞ്ഞവരുമാണ്. ശ്ലീഹാ പാരമ്പര്യ ങ്ങളോടൊപ്പം മുഖാമുഖം പഠിപ്പിച്ച കാര്യങ്ങളും ഉൾക്കൊണ്ട് ജീവിക്കണമെന്നുള്ള ആഹ്വാന ത്തോടുകൂടി രണ്ടാം ലേഖനം പര്യവസാനിപ്പിക്കുന്നു.

മൂന്നാം ലേഖനത്തിന്റെയും എഴുത്തുകാരൻ വി. യോഹന്നാൻ ശ്ലീഹാ തന്നെയാണ്. എ.ഡി. 90-നും 95-നും ഇടയിൽ ഈ ലേഖനം എഴുതി. പുതിയ നിയമത്തിന്റെ വ്യക്തികൾക്കുള്ള മൂന്നു കത്തുകളിൽ ഒന്നാണ് ഇത്. ഫിലമോൻ, 2 യോഹ ന്നാൻ എന്നിവയാണ് മറ്റുകത്തുകൾ, യോഹന്നാനു ഏറ്റം പ്രിയനായ ഗായോസിന് (ഞാൻ സന്തോഷി ക്കുന്നു) എഫേസൂസിൽ നിന്നാണ് ഈ കത്ത് എഴുതുന്നത്. വി. യോഹന്നാൻ ശുശ്രൂഷ ചെയ്തിരുന്ന എഫേസൂസ് സഭയിൽ നിന്നും ഗായോൻ സഭാംഗ മായിരുന്ന പ്രാദേശിക സഭയിലേക്കു വന്ന സഞ്ചാര സുവിശേഷകരെ, ഗായോസ് ആദരപൂർവ്വം സ്വീകരി ക്കുകയും, ദിയോഫാസ് സുവിശേഷകരെ തിരസ്ക്കരി ക്കുകയും ചെയ്യുന്നു. ഈ സാഹചര്യത്തിൽ സത്യ ത്തിന്റെ വക്താക്കൾക്ക് ആതിഥ്യമര്യാദ കാണിക്കാ ത്തവർക്കെതിരേയാണ് ഈ കത്ത് എഴുതുന്നത്.

ഗായോസിന്റെ സൽഗുണങ്ങളെയും ക്രിസ്തീയ മര്യാദകളേയും ശ്ലാഘിക്കുന്നതിനും, ദിയോഫാസിന്റെ ആധിപത്യ മോഹത്തിനെതിരേ കുറ്റാരോപണം നട ത്തുന്നതിനും, ക്രിസ്തുവിൽ ധൈര്യപ്പെടുന്നതിനും വിശ്വാസ ജീവിതത്തിൽ പ്രോത്സാഹിപ്പിക്കുന്നതിനും, നന്മയല്ലാതെ തിന്മയെ അനുസരിക്കരുതെന്ന് ബുദ്ധി ഉപദേശം നൽകുന്നതിനുമുള്ള ഉദ്ദേശമാണ് ഈ ലേഖനത്തിനുള്ളത്.

ഗായോസ് വിശ്വസ്തനും, ഔദാര്യമുള്ളവനും, അതിഥി സൽക്കാര വ്യഗ്രതയുള്ളവനും, സുവിശേഷ വേലക്കാർക്ക് പിന്തുണ നൽകുന്നവനുമാണ്. എന്നാൽ ദിയോത്രെഫേസ് അവിശ്വസ്തനും, നിഗളിയും, പ്രതിഷേധത്തോടു കൂടി പ്രതികരിക്കുന്നവനും, കർത്താവിന്റെ വേലക്കാരെ കൈക്കൊള്ളാത്ത വനുമാണ്. എല്ലാവരാലും വെറുക്കപ്പെട്ടവനായിരുന്നു ദിയോത്രെഫേസ്, എങ്കിൽ എല്ലാവരാലും സാക്ഷ്യം കൊണ്ടവനായിരുന്നു ദെമത്രിയോസ്.

നന്മ ചെയ്യുന്നവൻ ദൈവത്തിൽ നിന്നുള്ളവനാ ണെന്നും, തിന്മ ചെയ്യുന്നവൻ ദൈവത്തെ കണ്ടിട്ടില്ലാ ത്തവനാണെന്നും ഈ ലേഖനം പഠിപ്പിക്കുമ്പോൾ സത്യത്തിനു കൂട്ടുവേലക്കാരായവരെ സൽക്കരിക്ക ണമെന്നും ഓർമ്മിപ്പിക്കുന്നു.

വി. യോഹന്നാന്റെ ഒന്നാം ലേഖനം ദൈവവു മായുള്ള കൂട്ടായ്മയെപ്പറ്റിയും, രണ്ടാം ലേഖനം ദുരുപദേഷ്ടക്കളുമായുള്ള കൂട്ടായ്മയെ വിലക്കിയും പഠനം നടത്തുമ്പോൾ മൂന്നാം ലേഖനം ക്രിസ്തീയ സഹോദരന്മാരുമായുള്ള കൂട്ടായ്മയെ പ്രോത്സാഹി പ്പിക്കുകയും സത്യത്തിൽ നടക്കണമെന്ന് ഉദ്ബോധി പ്പിക്കുകയും ചെയ്യുന്നു.

അഭിനന്ദനങ്ങൾ

ദിവ്യബോധനം 2019-22 വർഷത്തെ DOCE Course ൽ A+ കരസ്ഥമാക്കിയ
ചെറിയനാട് സെന്റ് ജോർജ് ഓർത്തഡോക്സ് ഇടവകാംഗം
കൈപ്പള്ളിൽ ശ്രീമതി ബീന സുനിലിന്
(ഹെഡ്മിസ്ട്രസ്, സെന്റ് ജോർജ് കാതോലിക്കേറ്റ് സിംഹാസന
പള്ളി എൽ. പി. സ്കൂൾ, പിരളശ്ശേരി)

ഫാ. പി.വി. ജോൺ ചെങ്ങന്നൂർ

സാരോപദേശകഥകൾ

തൽസമയ സംപ്രേഷണം

ഏലിയാമ്മ ചേടത്തി എല്ലാ ഞായറാഴ്ചയും പോലെ അന്നും രാവിലെ അഞ്ചു മണിക്കു എഴുന്നേറ്റു. പല്ലുതേച്ചു മുഖവും കഴുകി ഒരു നേര്യതു കൊണ്ടു തലമറച്ചു ഡ്രോയിംഗ് റൂമിൽ എത്തി.

ആരും ഇതുവരെ എഴുന്നേറ്റിട്ടില്ല.. ചേടത്തിക്കു ദേഷ്യം വന്നു.

ഇന്നു രാവിലെ അഞ്ചു മണിക്കു തന്നെ എഴുന്നേല്ക്കണമെന്നും സാധാരണ പോലെ നമസ്കാരം നടത്തണമെന്നും പള്ളിയിൽ പോകാൻ പറ്റാത്തതിനാൽ പരുമല പള്ളിയിലെ വിശുദ്ധ കുർബ്ബാന ടിവിയിൽ സംപ്രേഷണം ചെയ്യുന്നതിനാൽ അതിൽ ഭക്തിയോടെ സംബന്ധിക്കണമെന്നും ഇന്നലെ സന്ധ്യാനമസ്കാരം കഴിഞ്ഞപ്പോൾ പറഞ്ഞതാണ്. ഒരെണ്ണത്തിനും ഇതിലൊന്നും ഒരു താത്പര്യവും ഇല്ല. എന്തു ചെയ്യാനാ.

ചേടത്തി പോയി മകനേയും മരുമകളേയും കൊച്ചുമക്കൾ രണ്ടു പേരേയും വിളിച്ചെഴുന്നേൽപ്പിച്ചു.

മുഖഭാവം കണ്ടപ്പോൾ ദേഷ്യം വന്നു. വി.കുർബ്ബാനയിൽ സംബന്ധിക്കേണ്ടതാണല്ലോ എന്നു വിചാരിച്ചു ക്ഷമിച്ചു.

എല്ലാം പോയി മുഖം കഴുകി വേഗം വാ. ചേടത്തി പറഞ്ഞതു കേട്ടു അവർ വേഗം പോയി മുഖമൊക്കെ കഴുകി വന്നു. പിന്നെ താമസിച്ചില്ല. രാത്രി നമസ്കാരവും പ്രഭാതനമസ്കാരവും നടത്തി. 7.00 മണിക്ക് ടിവിയിൽ പരുമലയിലെ വി.കുർബ്ബാനയിൽ സംബന്ധിക്കുവാൻ എല്ലാവരും ഒരുങ്ങി എത്തിയിരിക്കണം എന്നു പറഞ്ഞു ചേടത്തി പോയി. കുളിച്ചു അലക്കി തേച്ചു വച്ചിരുന്ന ചട്ടയും കച്ചമുറിയും നേര്യതുമെല്ലാം ധരിച്ചു വി.കുർബ്ബാനക്രമവും കൈയിൽ എടുത്തു 6.50 നു തന്നെ ഡ്രോയിംഗ് റൂമിൽ എത്തി.

ഏലിയാമ്മ ചേടത്തി ഓർത്തു. കഴിഞ്ഞ ഞായറാഴ്ച വി.കുർബ്ബാന കഴിഞ്ഞു ബഹു. അച്ചൻ പറഞ്ഞതു കേട്ടപ്പോൾ മനസ്സു തേങ്ങി. പൊട്ടിക്കരയുമെന്നു തോന്നി.

കോവിഡ് എന്ന മഹാമാരി വ്യാപകമാകുന്നതിനാൽ അതിനെ നിയന്ത്രിക്കുവാൻ ഗവൺമെന്റ് നാളെ മുതൽ ലോക്ഡൗൺ പ്രഖ്യാപിച്ചിരിക്കുകയാണ്. പള്ളിയിലെ ആരാധനയ്ക്കു ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. പള്ളിയുടെ വിസ്തൃതി അനുസരിച്ച് നമ്മുടെ ദേവാലയത്തിൽ അൻപതു പേർക്കു മാത്രമേ സംബന്ധിക്കുവാൻ അനുവാദമുള്ളൂ. ആദ്യം വരുന്ന 50 പേർക്കു മാത്രമേ പ്രവേശനമുള്ളൂ. എന്നാൽ 65 വയസ്സിനു മുകളിൽ പ്രായമുള്ളവരും 12 വയസ്സിനു താഴെ പ്രായമുള്ള കുട്ടികളും പള്ളിയിൽ വരാൻ പാടില്ല. മറ്റുള്ള ആളുകൾ വന്നാൽ കൈകാലുകൾ സോപ്പിട്ടു കഴുകുകയും മാസ്കു ധരിച്ചും കൈയിൽ സാനിറ്റൈസർ പുരട്ടിയും വേണം പള്ളിയിൽ

പ്രവേശിക്കുവാൻ. അകലം പാലിച്ചു ഇട്ടിരിക്കുന്ന ഇരിപ്പിടത്തിന്റെ അടുത്തു വേണം നിൽക്കുവാൻ.

ഏലിയാമ്മ ചേടത്തിക്കു 82 വയസ്സായെങ്കിലും, നടക്കാൻ അല്പം ബുദ്ധിമുട്ടുണ്ടെങ്കിലും നമസ്കാരം തുടങ്ങുന്നതിനു മുമ്പെതന്നെ പള്ളിയിൽ എത്തിയിരിക്കും. മകനു കാറുണ്ടെങ്കിലും അവർ എഴുന്നേറ്റു ഒരുങ്ങി വരുമ്പോഴേക്കും പള്ളിയിൽ വി.കുർബ്ബാന ആരംഭിച്ചിരിക്കും. അതുകൊണ്ട് നടന്നാണു പോകുന്നതും. അതു ഒരു ശീലമായി പോയി. അതു ഓർത്തു സങ്കടപ്പെട്ടു നിൽക്കുമ്പോഴാണ് അച്ചന്റെ അടുത്ത അറിയിപ്പു എത്തിയത്.

പ്രായമുള്ളവർക്കു, പ്രത്യേകിച്ചും അമ്മച്ചിമാർക്കു ഇതു സങ്കടം ഉളവാക്കുമെന്നു അറിയാം. എന്നാല് അവരും വരാൻ കഴിയാത്ത മറ്റുള്ളവരും സങ്കടപ്പെടേണ്ടാ. നിങ്ങൾക്കു വേണ്ടി ഇവിടെ അർപ്പിക്കുന്ന വി.കുർബ്ബാന ലൈവായി സംപ്രേഷണം ചെയ്യുവാനുള്ള ക്രമീകരണം ചെയ്തിട്ടുണ്ട്. നിങ്ങൾക്കു വീട്ടിൽ ഇരുന്നു അതിൽ ഭക്തിയോടെ സംബന്ധിക്കാം.

എന്താണാവോ ഈ ലൈവു സംപ്രേഷണം. എന്തു കുന്തമെങ്കിലും ആകട്ടെ. പള്ളിയിൽ വരാതെ ഇതു കണ്ടിട്ടു എന്തു ഗുണമാണാവോ. ദേഷ്യവും സങ്കടവും നിറഞ്ഞ മനസ്സുമായി വീട്ടിൽ വന്നു. മകനോടു ചോദിച്ചപ്പോൾ അവൻ പറഞ്ഞു. വി.കുർബ്ബാന അവിടെ നടക്കുമ്പോൾ തന്നെ നമുക്കു വീട്ടിൽ ഇരുന്നു മൊബൈലിൽ കൂടെ അതു കാണാം.

അതു കേട്ടപ്പോൾ ദേഷ്യം കുറേക്കൂടി കൂടി. എനിക്കാണെങ്കിൽ ഈ മൊബൈൽ കണ്ടു കൂടാ. എല്ലാവരും അതിൽ കുത്തി ഏതാണ്ടൊക്കെ ചെയ്യുന്നതു കാണുന്നതേ ദേഷ്യമാ. ഇനിയും എന്തു ചെയ്യും?

പള്ളിയിൽ ചെന്നു നിന്നു വി.കുർബ്ബാനയിൽ സംബന്ധിക്കുമ്പോൾ കിട്ടുന്ന ഒരു ആത്മസന്തോഷം ഇത്തിരിക്കോളമുള്ള ഒരു മൊബൈലിൽ കൂടെ കണ്ടാൽ കിട്ടുമോ? ആർക്കറിയാം.

ഏതായാലും അതല്ലാതെ മറ്റൊരു മാർഗ്ഗവുമില്ലല്ലോ എന്നു ഓർത്തു വിഷമിച്ചിരിക്കുമ്പോഴാണു രാവിലത്തെ പത്രത്തിൽ പരുമല പള്ളിയിലെ വി.കുർബ്ബാന ഇനി മുതൽ ടി.വി.യിലൂടെ തൽസമയം സംപ്രേഷണം ചെയ്യുമെന്ന വാർത്ത കണ്ടത്. അതു ഒരു ആശ്വാസമായി തോന്നി. ഒന്നുമില്ലെങ്കിലും പരിശുദ്ധനായ പരുമല തിരുമേനിയുടെ കബറിടം സ്ഥിതി ചെയ്യുന്ന പള്ളിയിൽ നിന്നുള്ള സംപ്രേഷണം ആണെല്ലോ എന്നു ഓർത്തപ്പോൾ ഒരാശ്വാസം തോന്നി. അതിൽ സംബന്ധിക്കുവാൻ ഉറച്ചു തീരുമാനിക്കുകയും ചെയ്തു.

ഓർമ്മയിൽ നിന്നും ഉണർന്നപ്പോൾ ആരേയും കണ്ടില്ല. ആരും എഴുന്നേറ്റ ലക്ഷണമില്ല. അടുക്കളയിൽ മാത്രം ഒരു അനക്കം കേൾക്കുന്നുണ്ട്. മരുമകൾ ഡെയ്സി വി.കുർബ്ബാന കഴിയുമ്പോൾ കഴിക്കാൻ വല്ലതും ഉണ്ടാക്കുകയായിരിക്കും.

എല്ലാവരേയും വിളിച്ചുണർത്തി. ഉറക്കച്ചടവോടെ മകൻ മോനച്ചനും കൊച്ചുമക്കൾ രണ്ടുപേരും എഴുന്നേറ്റു വന്നു. മുഖം പോലും കഴുകാതെ വരുന്നതു കണ്ടപ്പോൾ ദേഷ്യം വന്നെങ്കിലും, പോയി മുഖമെങ്കിലും കഴുകി വരാൻ പറഞ്ഞു. അവർ പോയി മുഖം കഴുകി കസേരയിൽ വന്നു ഇരുന്നു.

അപ്പോഴാണു മരുമകൾ ഒരു ട്രേയിൽ നാലഞ്ചു കപ്പ് ചായ'യുമായി വരുന്നതു കണ്ടതു. ദേഷ്യം അടക്കാൻ കഴിഞ്ഞില്ല. അല്പം ഗൗരവത്തിൽ തന്നെ പറഞ്ഞു. കൊണ്ടു പോടീ ഇത്. എന്തിനാ ചായ മാത്രം ആക്കിയത്. എന്തെങ്കിലും കഴിക്കാൻ കൂടെ എടുക്കാമായിരുന്നില്ലേ. വി.കുർബ്ബാനയുടെ ഇടയ്ക്കു കഴിക്കാമായിരുന്നല്ലോ? കൊണ്ടുവച്ചിട്ടു വേഗം ഇവിടെ വന്നേക്കണം.

അതു കേട്ടു അവൾ അതുമായി തിരികെ പോയി.

മകൻ പതുക്കെ ആത്മഗതം എന്നോണം പറഞ്ഞു. ഈ അമ്മയ്ക്കു എന്താണ്? ഇത്രയും നിർബ്ബന്ധം പിടിക്കാൻ ഇതു പള്ളി ഒന്നുമല്ലല്ലോ? നമ്മുടെ വീടല്ലേ?

ഏലിയാമ്മ ചേടത്തി അതുകേട്ടു പൊട്ടിത്തെറിച്ചു. എന്താടാ നീ പറഞ്ഞത്? നീ എന്താ കരുതിയത്. ഞാൻ കേൾക്കുകയില്ലെന്നോ? ദൈവം കരുണ ചെയ്തിട്ടു വയസ്സു എൺപത്തിരണ്ട് കഴിഞ്ഞെങ്കിലും എനിക്കു കേഴ്‌വിക്കും കാഴ്ചയ്ക്കും ഒരു കുഴപ്പവുമില്ല. അല്ല. ഞാൻ കേൾക്കാൻ വേണ്ടിയുടെയാണ് നീ പറഞ്ഞതു എന്നു എനിക്കറിയാം. ഞാൻ ഒരു കാര്യം നിന്നോടു ചോദിക്കട്ടെ. കഴിഞ്ഞയാഴ്ച ഒരു ദിവസം ഓഫീസ് സംബന്ധമായി ഏതോ സൂമോ മറ്റോ ഉണ്ടെന്നും പറഞ്ഞു നീ കുളിച്ചു കുട്ടപ്പനായിട്ടു പൗഡറുമൊക്കെ ഇട്ടു, അലക്കി തേച്ച ഡ്രസും ധരിച്ചു കമ്പ്യൂട്ടറിന്റെ മുമ്പിൽ ചെന്നിരിക്കുന്നതു കണ്ടല്ലോ. അന്നേരം ഇതു വീടല്ലായിരുന്നോ? അതോ

ഓഫീസായിരുന്നോ? അപ്പോൾ നിന്റെ സഹപ്രവർത്തകരുടെയും ഓഫീസറുടെയും മുമ്പിൽ ഒരുങ്ങി പോയേ മതിയാകൂ. എന്നാൽ ഇവിടെ അതിലൊക്കെ വലിയവനായ ദൈവത്തിന്റെ മുമ്പിൽ ആണു നാം നിൽക്കുന്നതു എന്നു ഓർത്തോണം. പിള്ളേർക്കു രണ്ടിനും ഓൺലൈൻ ക്ലാസുണ്ടെന്നും പറഞ്ഞു അവരേയും ഒരുക്കി ആണെല്ലോ നിർത്തിയത്. അതുകൊണ്ട് ഒരു കാര്യം പറഞ്ഞേക്കാം. ഇനിമുതൽ ഈ ഡ്രോയിങ് റൂം എല്ലാ ഞായറാഴ്ചയും പള്ളിയായി കണക്കാക്കണം. ആ കാണുന്ന ടിവി വി.മദ്ബഹായും ഇവിടം ഹൈക്കലായുമാണു. അതിനാൽ ഇപ്പോൾ നാം സംബന്ധിക്കാൻ പോകുന്നതു വി.കുർബ്ബാനയിലാണ്. അല്ലാതെ ടിവി ആണെന്നും പറഞ്ഞു, ഇതുവരെ നിങ്ങൾ കണ്ട തട്ടീം മുട്ടീം, ഉപ്പും മുളകും, മറിമായം, ഉരുളയ്ക്കുപ്പേരി എന്നു തുടങ്ങുന്ന വളിപ്പു സീരിയലുകൾ പോലെ കാണേണ്ടതല്ല. പള്ളിയിൽ പോയി വി.കുർബ്ബാനയിൽ സംബന്ധിക്കുന്നതു എങ്ങനെയാണോ അതുപോലെ കുളിച്ചൊരുങ്ങി ഭക്തിയോടെ നിന്നു ഗീതങ്ങളും ചൊല്ലി പ്രതിവാക്യങ്ങളും പറഞ്ഞു കുരിശു വരയ്ക്കേണ്ട സമയത്തു കുരിശു വരച്ചും കൊണ്ടു വേണം സംബന്ധിക്കുവാൻ. മനസ്സിലായല്ലോ? ഇന്നു ഇനിയും കുളിക്കാനൊന്നും സമയമില്ലാത്തതിനാൽ ഇങ്ങനെ സംബന്ധിച്ചോ. അടുത്താഴ്ച മുതൽ ഇതു ആവർത്തിച്ചേക്കരുത്.

ഡെയ്സി വാ സമയമായി. അടുക്കളയിലെ ബാക്കി പണി ഇതു കഴിഞ്ഞു ചെയ്യാം. വന്നു ഇതിൽ സംബന്ധിക്കു.

മോനോടു സമയമായി ടിവി ഓണാക്കൂ. എന്നും പറഞ്ഞു.

അവൻ അതു ഓണാക്കി. ഇതു എത്രാമത്തെ ചാനലാണെന്നു അമ്മയ്ക്കു അറിയാമോ?

മകന്റെ ചോദ്യം കേട്ടു ചേടത്തി പറഞ്ഞു. 147.

ഓ, അമ്മ ഇതെല്ലാം പഠിച്ചു വച്ചിരിക്കുകയാണല്ലോ എന്നു പറഞ്ഞു അവൻ ആ ചാനൽ ഓണാക്കി.

അതാ ഒരു തിരുമേനിയും രണ്ടു മൂന്നു അച്ചന്മാരും നമസ്കാര മേശയുടെ അടുക്കൽ നിൽക്കുന്നു. കിഴക്കോട്ടു തിരിഞ്ഞു നിൽക്കുന്നതിനാൽ തിരുമേനിയെ മനസ്സിലായില്ലെങ്കിലും, ഒരു തിരുമേനിയുടെ സാന്നിധ്യം ഏലിയാമ്മ ചേടത്തിയെ സന്തോഷ പുളകിതയാക്കി.

തുബ്ദേന്റെ സമയമായപ്പോൾ മകൻ ഒരു ചോദ്യം. ഇപ്പോൾ ഇരിക്കാമോ അമ്മേ?

ഏലിയാമ്മ ചേടത്തി ദേഷ്യത്തോടെ പറഞ്ഞു. നിർത്തടാ നിന്റെ തമാശ. ഒരു കാര്യം കൂടി പറഞ്ഞേക്കാം. വി.കുർബ്ബാന കഴിയുന്നതു വരെ ചോദ്യവും പറച്ചിലും ഒന്നുമില്ല. എന്തെങ്കിലും ചോദിക്കാനും പറയാനുമുണ്ടെങ്കിൽ വി.കുർബ്ബാന അവസാനിച്ച ശേഷം മതി.

എല്ലാവരും ഭക്തിയോടെ വി.കുർബ്ബാനയിൽ സംബന്ധിച്ചതിന്റെ ആത്മനിർവൃതിയോടെ ഏലിയാമ്മ ചേടത്തി കുരിശു വരച്ചിട്ടു മകന്റെ മുഖത്തേക്കു നോക്കി.

അവൻ ഒരു ചെറു പുഞ്ചിരിയോടെ ഇനിയും പറയുന്നതിനു കുഴപ്പമില്ലല്ലോ എന്നു പറഞ്ഞിട്ടു ഒരു ചോദ്യം. അമ്മയ്ക്കു ഇന്നു കുർബ്ബാന കൊള്ളണ്ടായോ? ഇനിയും എന്താ ചെയ്ക? ഓൺലൈനിൽ തരുമോ എന്നു അച്ചനെ വിളിച്ചു ചോദിച്ചാലോ?

അതു കേട്ടു ഡെയ്സിയും പിള്ളേരും പൊട്ടിച്ചിരിച്ചു.

ഏലിയാമ്മ ചേടത്തി പൊട്ടിത്തെറിച്ചു. നിർത്തടാ. ഒരു തമാശയും പൊട്ടിച്ചിരിയും. പ്രായമായെന്നൊന്നും ഞാൻ ഓർക്കത്തില്ല. രണ്ടെണ്ണം ഇട്ടുതരികയാണു വേണ്ടതു. നിനക്കൊക്കെ തമാശ പറയാനും പൊട്ടിച്ചരിക്കാനും കളിയാക്കാനുമുള്ളതാണോ വി.കുർബ്ബാനയും കൂദാശകളും ആത്മീയ കാര്യങ്ങളും. മേലാൽ ഇതു ആവർത്തിച്ചേക്കരുത്. എന്റെ വിധം മാറും.

ക്ഷമിക്കണം അമ്മേ. ഞാൻ അങ്ങനെയൊന്നും ചിന്തിച്ചു പറഞ്ഞതല്ല. ഇനിയും ഞാൻ ആവർത്തിക്കുകയില്ല.

ഏലിയാമ്മ ചേടത്തിക്കു സന്തോഷമായി. അവരെല്ലാം പോയി. ഏലിയാമ്മ ചേടത്തി തനിയെ ആയപ്പോൾ മനസ്സിൽ ഒരു നൊമ്പരം മൊട്ടിട്ടു. എല്ലാ ഞായറാഴ്ചയും മുടങ്ങാതെ വി.കുർബ്ബാന അനുഭവിച്ചു കൊണ്ടിരുന്ന തനിക്കു ഈ കൊറോണായും ലോക്ഡൗണും തൽസമയസംപ്രേഷണവും അതു നിഷേധിച്ചതിൽ മനസ്സു വേദനിച്ചെങ്കിലും എല്ലാം ദൈവനിശ്ചയമെന്നു വിശ്വസിച്ചു ആശ്വാസം കണ്ടെത്തി. ദൈവമേ ഈ കൊറോണായും ലോക്ഡൗണുമൊക്കെ മാറി വേഗം പള്ളിയിൽ പോയി ഭക്തിയോടെ വി.കുർബ്ബാനയിൽ സംബന്ധിക്കുവാനും അനുഭവിക്കുവാനും അവസരം ഒരുക്കി തരണേ എന്നു മനസ്സു നുറുങ്ങി പ്രാർത്ഥിച്ചു.

വാൽസല്യ കുഞ്ഞുങ്ങളേ,

നിങ്ങളെല്ലാവരും ക്ഷേമമായിരിക്കുവാൻ പ്രാർത്ഥിക്കുന്നു. നിങ്ങൾ നന്നായി പഠിക്കുന്നുണ്ടെന്ന് വിശ്വസിക്കുന്നു. അതാത് ദിവസത്തെ പാഠങ്ങൾ അന്നന്ന് തന്നെ പഠിക്കുവാൻ ശ്രദ്ധിക്കണം. സ്കൂൾ വർഷത്തിന്റെ ഈ ആരംഭ ദിനങ്ങളിൽ തന്നെ നിങ്ങൾ ചിട്ടയായ ഒരു പഠനം രൂപപ്പെടുത്തിയാൽ പരീക്ഷകളെ ഭയരഹിതമായി അഭിമുഖീകരിക്കുവാൻ കഴിയും. കാലവർഷത്തിന്റെ സമയമാണ് പനിയും, മറ്റ് അസുഖകങ്ങളും ഉണ്ടാകാതെ നിങ്ങളുടെ ആരോഗ്യത്തെ സൂക്ഷിക്കണം. നന്നായി പ്രാർത്ഥിക്കണം.

ഒരു താപസൻ, നന്മയുടെ ഉറവിടം തേടി, നാളുകളായി അലയുക ആയിരുന്നു. മലകളും, താഴ്വരകളും, നദികളും കടന്ന്, വിവിധ ദേശങ്ങളിലൂടെ അയാൾ സഞ്ചരിച്ചു എങ്കിലും, നിരാശയായിരുന്നു ഫലം. അവസാനം, അയാൾ ഒരു നഗരത്തിലെ കശാപ്പുശാലയുടെ അടുത്ത് എത്തി. വിശന്നു വലഞ്ഞ അയാൾ, കശാപ്പുകാരനോടു ചോദിച്ചു: 'ഇതിൽ നിന്ന്, ഒരു നല്ല കഷണം ഇറച്ചി നോക്കി, എനിക്കു മുറിച്ചു തരുമോ?' ദേഷ്യം വന്ന കശാപ്പുകാരൻ, കത്തി ഉയർത്തിക്കൊണ്ട് അയാളോടു ചോദിച്ചു: ' ഇതിൽ ഏതു കഷണം ആണു നല്ലത് അല്ലാത്തത്?' അതോടെ താപസന്റെ കണ്ണു തുറന്നു. എല്ലാം നല്ലതാണ്. ദൃഷ്ടികോണുകൾ ഒന്നു ക്രമീകരിച്ചാൽ മാത്രം മതി. മോശം എന്നു കരുതി, നാം മാറ്റി നിർത്തിയവയെല്ലാം, പിന്നീട് ഏതെങ്കിലും രീതിയിൽ, നമുക്കു ഉപകാരപ്രദവും, അനുഗ്രഹപ്രദവുമായി എന്നു വരാം. തത്സമയ സുഖമോ, സന്തോഷമോ പ്രദാനം ചെയ്യുന്നവയെ മാത്രം, നാം നല്ലതിന്റെ പട്ടികയിൽ പെടുത്തുമ്പോൾ, പലസദ്ഗുണങ്ങളും, നന്മകളും അവഗണിക്കപ്പെടുകയാകും ഫലം. ഒരിക്കൽ, ദുരനുഭവം എന്നു നാം കരുതിയത് പിന്നീടു നമ്മുടെ ചിന്തകളേയും, പ്രവൃത്തികളേയും, പാകപ്പെടുത്തിയിട്ടുണ്ടായിരിക്കണം. ശത്രുക്കളായി കരുതിരുന്നവർ, പിന്നീട്, ചങ്ങാതിമാരേക്കാൾ കൂടുതൽ, ദീർഘവീക്ഷണവും, ജാഗ്രതയും, നമുക്കു പ്രദാനം ചെയ്തിട്ടും ഉണ്ടാകണം. നമ്മെ തള്ളിപ്പറഞ്ഞവരും, നിഷേധിച്ചവരും ആകാം കയ്പുടിച്ചവരേയും, പൂച്ചെണ്ട് നൽകിയവരേയുംകാൾ, ആത്മബലം, നമുക്കു സമ്മാനിച്ചിട്ടുള്ളത്. എന്തിനേയും, നല്ല കണ്ണു കൊണ്ടു നോക്കിയാൽ, എല്ലാം നല്ലതാണെന്നു മനസ്സിലാകും. ഒന്നിലും നന്മ കാണാൻ കഴിയാത്തവരിൽ നിന്ന്, ഒരു നന്മയും ഉണ്ടാകണം എന്നില്ല. തങ്ങൾ ആയിരി ക്കുന്നിടത്ത് ഒരു നന്മയും കണ്ടെത്താൻ കഴിയാ ത്തവർ, നന്മ തേടി, അയൽനാടുകളിലേക്ക് ഇറങ്ങിത്തിരിച്ചതുകൊണ്ട് ഒരു പ്രയോജനവും ഇല്ല. അവനവന്റെ ചുറ്റുപാടുകളിൽ കണ്ടെത്താൻ കഴിയാത്ത ഒരു നന്മയും നമുക്ക് അയൽ രാജ്യത്തു കണ്ടെത്താനും ആകില്ല. എല്ലാത്തിലും നന്മ ദർശിക്കുവാൻ സാദ്ധ്യമാകുന്ന നന്മനിറഞ്ഞ മനസ്സുകളുടെ ഉടമകളാകുവാൻ ദൈവം നിങ്ങളെ സഹായിക്കട്ടെ.

ജൂലൈമാസം, ക്രിസ്തുവിൽ നമ്മെ ജനിപ്പിച്ച നമ്മുടെ പിതാവും ഭാരതത്തിന്റെ അപ്പോസ്തോലനുമായ പരിശുദ്ധ തോമാ ശ്ലീഹായുടെ ഓർമ്മകളാൽ സുഗന്ധപൂരിതമായ മാസമാണല്ലോ. തനിക്ക് ലഭിച്ച നിയോഗം പൂർണമായും ഏറ്റുകൊണ്ട് അതിദൂരം യാത്ര ചെയ്ത് ഇന്ത്യ മഹാരാജ്യത്ത് എത്തിച്ചേരുകയും, ക്രിസ്തുവിന്റെ സുവിശേഷം നമ്മുടെ പൂർവ്വ മാതാപിതാക്കൾക്ക് പകർന്ന് കൊടുത്ത് സത്യവഴിയിലേക്ക് അവരേയും, അവരിലൂടെ നമ്മെയും നയിച്ചവനാണ് വി. തോമാശ്ലീഹാ. ദൈവം നമ്മെ ഏൽപ്പിക്കുന്ന നിയോഗങ്ങൾ എത്ര ത്യാഗം സഹിച്ചാണെങ്കിലും പൂർത്തീകരിക്കുവാൻ ശ്രമിക്കണം എന്ന് നമ്മുടെ പിതാവിന്റെ ജീവിതം നമുക്ക് കാട്ടിത്തരുന്നു. തന്റെ സഹശിഷ്യന്മാരെ ധൈര്യപ്പെടുത്തുകയും, ക്രിസ്തുവിന്റെ ഉയിർപ്പിനുശേഷം മറ്റ് ശിഷ്യന്മാർ തങ്ങളുടെ ജീവനെ ഭയന്ന് അടച്ചിട്ട ഒരു മുറിയിൽ കഴിയുമ്പോൾ ധൈര്യത്തോടെ പുറത്തിറങ്ങി നടന്നവനുമാണ് നമ്മുടെ പിതാവായ തോമാശ്ലീഹ. (വി.യോഹന്നാൻ 20:19, 24) ഭയരഹിതനായി ജീവിക്കുവാനും, ക്രിസ്തുവിനു വേണ്ടി തന്റെ ജീവിതം യാഗമായി അർപ്പിക്കുവാനും വി.തോമാശ്ലീഹായ്ക്കു കഴിഞ്ഞതുപോലെ അദ്ദേഹത്തിന്റെ മക്കളായ നാം ഓരോരുത്തർക്കും ദൈവത്തെയല്ലാതെ ഒന്നിനെയും ഭയമില്ലാതെ ജീവിക്കുവാനും, ക്രിസ്തുവിനു വേണ്ടി ജീവൻ യാഗമായി അർപ്പിക്കേണ്ടി വന്നാലും അവനിൽത്തന്നെ നിലനിൽക്കും എന്ന ഉറച്ച വിശ്വാസത്തോടെ ജീവിക്കാനും സാധിക്കട്ടെ. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

നിറഞ്ഞ സ്നേഹത്തോടെ,

നിങ്ങളുടെ **ജൂലിചേച്ചി**

1. യാക്കോബിന്റെ ലേഖനം എഴുതിയതാര് ?
2. സംശയിക്കുന്നവരെ യാക്കോബ് ഏതിനോട് സാദൃശ്യപ്പെടുത്തിയിരിക്കുന്നു ?
3. പരീക്ഷ സഹിക്കുന്ന മനുഷ്യനു കിട്ടുന്ന കിരീടം ?
4. മോഹം ഗർഭം ധരിച്ചു പ്രസവിക്കുന്നതെന്ത് ?
5. മഴ പെയ്യാതിരിക്കേണ്ടതിനു പ്രാർത്ഥിച്ചവൻ ആര്?
6. സമാധാനത്തിൽ വിതച്ചു നീതി എന്ന ഫലം കൊയ്യുന്നവൻ ആര് ?
7. ജ്ഞാന ലക്ഷണം എന്ത് ?
8. വളരെ വമ്പു പറയുന്ന മനുഷ്യന്റെ ചെറിയ അവയവം ഏത് ?
9. നാവിനെ വിളിക്കുന്ന മറ്റൊരു പേര് ?
10. വികാരമോ ഗതിഭേദത്താലുള്ള ആച്ഛാദനമോ ഇല്ലാത്തതാർക്ക് ?
11. എളിയ സഹോദരൻ എന്തിലാണ് പ്രശംസിക്കേണ്ടത്?
12. യാക്കോബിന്റെ പുസ്തകത്തിൽ എത്ര അദ്ധ്യായങ്ങൾ ? എത്ര വാക്യങ്ങൾ ?
13. ആരുടെ ഭക്തിയാണ് വ്യർത്ഥം ?
14. പ്രവൃത്തിയില്ലാത്ത വിശ്വാസം എന്ത് ആകുന്നു ?
15. ദൈവത്തിന്റെ സ്നേഹിതൻ എന്ന പേർ പ്രാപിച്ചവൻ?
16. നമുക്കു സമസ്വഭാവമുള്ള മനുഷ്യൻ ആര് ?
17. ലോകസ്നേഹം ആരോടു ശത്രുതയാകുന്നു.
18. ദൈവം എതിർത്തു നിൽക്കുന്നത് ആരോടാണ് ?
19. പിശാചിനോടു എതിർത്തു നിന്നാൽ അവൻ എന്തു ചെയ്യും ?
20. നന്മ ചെയ്യുവാൻ അറിഞ്ഞിട്ടും ചെയ്യാത്തത് എന്ത്?
21. സഹിഷ്ണിതയ്ക്ക് ദൃഷ്ടാന്തം ആര് ?
22. കഷ്ടമനുഭവിക്കേണ്ടവർ ചെയ്യേണ്ടത് എന്ത് ?
23. ആരുടെ ശ്രദ്ധയോടുകൂടിയ പ്രാർത്ഥനയാണ് ഫലിക്കുന്നത് ?
24. അല്പനേരത്തേക്ക് കാണുന്നതും പിന്നെ മറഞ്ഞു പോകുന്നതുമായ ആവി ?
25. സ്വർഗ്ഗത്തിൽ സൂക്ഷിച്ചിരിക്കുന്ന അവകാശ പ്രാപണത്തിനുള്ള ഉപാധി ?

ഉത്തരങ്ങൾ ക്വിസ് 10

1. ക്നാനായക്കാർ (തെക്കുംഭാഗർ)
2. ഊർ
3. ഉറഹായിലെ മാർ യൗസേഫ്
4. കല്യാൺ
5. വടിയും ഭിഷാടനത്തിനുള്ള സഞ്ചിയും
6. ലോകമാൻ ചേര പെരുംചെട്ടി
7. 13-ാം നൂറ്റാണ്ട് മുതൽ
8. കൊല്ലം
9. 1301
10. ജോസഫിന്റെ മകൻ സ്കറിയ
11. ജോൺ മരിഞ്ഞൊളി
12. വില്യാർവട്ടം രാജാവിന്റെ ചെങ്കോൽ
13. ജോൺ ഡി ലാഗോസ്
14. മാർ ജോസഫ്
15. കാതറിൻ രാജ്ഞി
16. മാർ ശെമവൂൻ
17. ഗീവർഗീസ് അർക്കദ് യാക്കോൻ
18. മാർ അബ്രഹാം
19. കൊച്ചിയിലേയും ആലങ്ങാട്ടേയും രാജാക്കന്മാരുടെ
20. മാർ മാറി, മാർ ആദായി
21. 1498-1652
22. ഉദയംപേരൂർ സുന്നഹദോസ്
23. ഇന്ത്യൻ ക്രൈസ്തവരുടെ
24. 267
25. കല്ലൂർക്കാട്
26. ബിഷപ്പ് ഫ്രാൻസിസ് റോസ്
27. ബിഷപ്പ് സ്റ്റീഫൻ ഡി ബ്രിട്ടോ
28. സുവാരി നദിതീരം
29. ചവിട്ടു നാടകം

ശരിയുത്തരം നൽകിയവർ

ജൂലി തോമസ് യോർദ്ദാൻപുരം, ഷീബാ ബാബു പൂഴിക്കാട്, ജോയിസ് ഉമ്മൻ കാരയ്ക്കാട്, ഏലിയാമ്മ ജോർജ്ജ് നീർവിളാകം, റോസമ്മ റോയി നീർവിളാകം, ബിനു സന്തോഷ് പിരളശ്ശേരി, കുഞ്ഞുമോൾ രാജു ഉള്ളന്നൂർ സെന്റ് ജോർജ്ജ്, വത്സമ്മ ചാക്കോ തോട്ടപ്പുഴ, സിസി ബാബു, സെന്റ് മേരീസ് കുട്ടമ്പേരൂർ, അക്കാമ്മ ജോയി പേരിശ്ശേരി ഈസ്റ്റ്, ലിസ്സി ജോസ് പൂഴിക്കാട്, ഷീലാ ജോസഫ് കാരയ്ക്കാട്

വിജയി : ജൂലി തോമസ് യോർദ്ദാൻപുരം

ഭദ്രാസന വാർത്തകൾ

ഫാ. പി. കെ. കോശി
(ഭദ്രാസന സെക്രട്ടറി)

ചെങ്ങന്നൂർ മെത്രാസനത്തിന്റെ മെത്രാപ്പോലീത്തായായി അവരോധിക്കപ്പെട്ട ഡോ. മാത്യൂസ് മാർ തീമോത്തിയോസ് തിരുമനസ്സുകൊണ്ട് മലങ്കര സഭയുടെ ഭരണഘടനയിൽ പറഞ്ഞിരിക്കുന്ന പ്രകാരം ഔദ്യോഗിക ഇടവകസന്ദർശനത്തിന് അനുമതി നൽകിയതിൽ പ്രത്യേക സന്തോഷം രേഖപ്പെടുത്തുന്നു. ഔദ്യോഗിക ഇടവക സന്ദർശനത്തിലൂടെ ഇടവക ഭരണസമിതിയുമായും ആദ്ധ്യാത്മീകസംഘടനാ പ്രവർത്തകരുമായും ഇടവക ജനങ്ങളുമായും കൂടുതൽ ആശയവിനിമയം നടത്തുവാനും ഔദ്യോഗിക രേഖകളിൽ കൈയ്യൊപ്പ് രേഖപ്പെടുത്തുവാനും സാധിക്കുന്നതോടൊപ്പം മെത്രാസനവും ഇടവകകളും തമ്മിലുള്ള അകലം കുറയ്ക്കുവാനും ബന്ധം കൂടുതൽ ദൃഢമാക്കുവാനും കഴിയുന്നു.

ചെങ്ങന്നൂർ മെത്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്താ ഭാഗ്യസ്മരണാർഹനായ തോമസ് മാർ അത്താനാസിയോസ് തിരുമനസ്സിന്റെ അഞ്ചാം ഓർമ്മപ്പെരുന്നാൾ സമുചിതമായി ആചരിപ്പാൻ വേണ്ട ക്രമീകരണങ്ങൾ മെത്രാസന കൗൺസിലിന്റെ നേതൃത്വത്തിൽ ചെയ്തു വരുന്നു. ഭദ്രാസനത്തിലെ എല്ലാ ദേവാലയങ്ങൾക്കും നൽകിയ C-19/2023 നമ്പർ കല്പന പ്രകാരം 2023 ജൂലൈ 2-ാം തീയതി ബഥേൽ അരമനയിൽ അഭിവന്ദ്യ ഡോ. മാത്യൂസ് മാർ തീമോത്തിയോസ് തിരുമനസ്സിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ വെച്ച് വിവിധ കമ്മറ്റികൾ രൂപീകരിച്ച് കാര്യങ്ങൾ നിർവ്വഹിച്ചു കൊണ്ടിരിക്കുന്നു. 2023 ആഗസ്റ്റ് 20 മുതൽ 24 വരെ നടത്തുന്ന ഓർമ്മപ്പെരുന്നാൾ ചടങ്ങുകളിൽ എല്ലാ ഇടവകകളുടെയും പൂർണ്ണ പങ്കാളിത്വവും സഹകരണവും ഉണ്ടാകണമെന്ന് ഓർമ്മിപ്പിക്കുന്നു. ഭദ്രാസനാംഗങ്ങളായി വിവിധ മേഖലകളിൽ ഉന്നതനിലവാരത്തിലെത്തിയ വ്യക്തിത്വങ്ങളെ ആദരിക്കുവാനായി ഒരു മെറിറ്റ് അവാർഡ് ദാനവും ഇതോടൊപ്പം ക്രമപ്പെടുത്തുന്നു.

ചർച്ച് അക്കൗണ്ട്സ് മാന്വൽ സംബന്ധിച്ച വർക്ക് ഷോപ്പ് ഭദ്രാസനകേന്ദ്രത്തിൽ ക്രമീകരിച്ചത് കൂടാതെ 5 ഡിസ്ട്രിക്ടുകളിലായി കല്പന പ്രകാരം ക്രമീകരിച്ചുവല്ലോ. ആലാ സെന്റ് ജോർജ്, ഇടനാട് സെന്റ് മേരീസ്, ചെങ്ങന്നൂർ ബഥേൽ മാർ ഗ്രീഗോറിയോസ് എന്നീ ദേവാലയങ്ങളിൽ നടത്തപ്പെട്ടു. ജൂലൈ 9-ാം തീയതി ഉമയാറ്റുകര ഡിസ്ട്രിക്ടിനു വേണ്ടി ഓതറ സെന്റ് ജോർജ് ദയറായിലും 16-ാം തീയതി പന്തളം ഡിസ്ട്രിക്ടിന്റേതായി മാന്തളിർ സെന്റ് തോമസ് ദേവാലയത്തിലും നടത്തപ്പെടുമ്പോൾ അതാത് ഡിസ്ട്രിക്ടുകളിലെ ഇടവകകളിൽ നിന്ന് ചുമതലപ്പെട്ടവർ സംബന്ധിക്കുവാൻ ഓർമ്മിപ്പിക്കുന്നതോടൊപ്പം ഇതുവരെ പങ്കെടുക്കാത്ത ഇടവകകളിൽ നിന്നുള്ളവരും സംബന്ധിപ്പാൻ അറിയിക്കുന്നു. കഴിഞ്ഞ സാമ്പത്തിക വർഷത്തെ ഇടവകകളുടെ ഓഡിറ്റ് ചെയ്ത കണക്കുകൾ ഭദ്രാസന കേന്ദ്രത്തിൽ എത്തിക്കേണ്ട സമയം കഴിഞ്ഞതിനാൽ നൽകാത്ത ഇടവകകൾ എത്രയും വേഗം എത്തിക്കുവാനും ഓർമ്മിപ്പിക്കുന്നു. ഭദ്രാസന സണ്ടേസ്കൂൾ, മർത്തമറിയം സമാജം, യുവജന പ്രസ്ഥാനം, പ്രാർത്ഥനായോഗം തുടങ്ങിയവയുടെ ഡിസ്ട്രിക്ട് തല പ്രവർത്തനങ്ങളും, വാർഷികങ്ങളും വിവിധ ദിവസങ്ങളിൽ ക്രമീകരിച്ചിരിക്കുന്നതിൽ അതാതു സംഘടനകളിൽ പെട്ട ഇടവകയുടെ പ്രാതിനിധ്യം ഉണ്ടാകുവാൻ ശ്രദ്ധിക്കുമല്ലോ.

കഴിഞ്ഞ മാസം മുതൽ ബഥേൽ പത്രിക പോസ്റ്റലായി അയയ്ക്കുന്നു. ലഭിക്കാത്തവർ ഭദ്രാസന ഓഫീസിൽ അറിയിക്കണം. ബഥേൽ പത്രികയുടെ വരിസംഖ്യ പുതുക്കുവാനും, ആയുഷ്കാല വരിസംഖ്യ എടുക്കുവാനും ഉള്ളവർ ആയതിന് ശ്രദ്ധിക്കണം. ബഥേൽ പത്രികയുടെ പുതിയ സർക്കുലേഷൻ മാനേജരായി നിയമിച്ച ബഹു. ജിതിൻ ജോസ് ശെമ്മാശൻ ഇടവകകൾ സന്ദർശിക്കുന്ന സന്ദർഭത്തിൽ ആയതിനുള്ള അനുവാദം ബഹു. വികാരിമാർ നൽകി ഈ പ്രവർത്തനത്തെ സഹായിക്കണമെ.

പരിശുദ്ധ ദൈവമാതാവിന്റെ വാങ്ങിപ്പു പെരുന്നാളിനോടനുബന്ധിച്ചുള്ള ശൂനോയോ നോമ്പിലേക്ക് പ്രവേശിക്കുന്നുവല്ലോ. കർത്താവിന്റെ മറുരൂപവും തേജസ്ക്കരണവുമാകുന്ന ആഗസ്റ്റ് 06-ാം തീയതി കൂടാരപ്പെരുന്നാൾ ആചരിക്കുന്നുവല്ലോ. തേജസ്ക്കരണത്തിലേക്കു വളരുവാനും ദൈവമാതാവിന്റെ മദ്ധ്യസ്ഥതയിൽ സങ്കേതപ്പെടുവാനും ഇടയാകട്ടെ. ആഗസ്റ്റ് 11-ാം തീയതി ഭദ്രാസന സുവിശേഷസംഘത്തിന്റെ നേതൃത്വത്തിൽ കുരമ്പാല സെന്റ് തോമസ് വലിയപള്ളിയിൽ വെച്ച് ഭദ്രാസന ധ്യാനം നടത്തപ്പെടുന്നു.

ജൂലൈ മാസം 11, 12 തീയതികളിൽ പരിശുദ്ധ ബസേലിയോസ് പൗലോസ് ദ്വിതീയൻ ബാവാ തിരുമേനിയുടെ രണ്ടാം ഓർമ്മപ്പെരുന്നാൾ കോട്ടയം കാതോലിക്കേറ്റ് അരമനയിൽ വെച്ച് നടത്തപ്പെടുന്നു.

മാർ ഗീവർഗീസ് മൂന്നാമൻ യൗനാൻ പുതിയ പൗരസ്ത്യ അസിറിയൻ പാത്രിയർക്കീസ്

'പൗരസ്ത്യ കൽദായ സുറിയാനി സഭ' എന്നറിയപ്പെടുന്ന പൗരസ്ത്യ അസിറിയൻ സഭയുടെ ബാഗ്ദാദ് ആസ്ഥാനമായ വിഭാഗത്തിന്റെ പുതിയ കാതോലിക്കോസ്-പാത്രിയർക്കീസ് ആയി മാർ ഗീവർഗീസ് മൂന്നാമൻ യൗനാൻ സ്ഥാനാരോഹണം ചെയ്തു. സഭയുടെ സ്വർണവെള്ളിയാഴ്ചയായ 2023 ജൂൺ 09 ന് ഇറാക്കിലെ എർബിലിനു സമീപമുള്ള അങ്കവായിലെ വിശുദ്ധ മർത്ത് മറിയം കത്തീഡ്രൽ പള്ളിയിൽ മുതിർന്ന മെത്രാപ്പോലീത്താ മാർ തോമാ അറാമിയായുടെ മുഖ്യകാർമികത്വത്തിലായിരുന്നു സ്ഥാനാരോഹണം. എർബിൽ ആസ്ഥാനമായ വിഭാഗത്തിന്റെ തലവൻ മാർ ആവാ മൂന്നാമൻ കാതോലിക്കോസ്- പാത്രിയർക്കീസിന്റെ പ്രതിനിധിയായി മാർ ബെന്യാമിൻ എലിയാ എപ്പിസ്കോപ്പാ സംബന്ധിക്കുകയും ആശംസകൾ അർപ്പിക്കുകയും ചെയ്തു. ഇറക്ക് സർക്കാർ പ്രിതിനിധികളും പരിപാടികളിൽ പങ്കെടുത്തു.

ലോകത്തിലെ പുരാതനമായ ക്രൈസ്തവ സഭകളിലൊന്നാണ് ഈ സഭ. പൗരസ്ത്യ സഭ എന്നാണ് സഭയുടെ ഔദ്യോഗിക പേര്. പൗരസ്ത്യ കൽദായ സുറിയാനി സഭ, അസിറിയൻ സഭ, പേർഷ്യൻ സഭ, നെസ്തോറിയൻ സഭ തുടങ്ങിയ പേരുകളിൽ ഈ സഭ അറിയപ്പെടുന്നു. കൽദായ സഭയുടെ ഇന്ത്യയിലെ ആസ്ഥാനം തൃശൂർ ആണ്. തൃശൂർ നഗരത്തിലെ ഏറ്റവും പുരാതനമായ ദൈവാലയത്തിന്റെ അവകാശികളാണ് കൽദായക്കാർ. പുതിയ പാത്രിയ ർക്കീസിന്റെ അംശവടി മരത്തിൽ, തൃശൂരിൽ നിർമിച്ചതാണ്.

മലങ്കര - റഷ്യൻ വർക്കിംഗ് ഗ്രൂപ്പ് രണ്ടാം യോഗം ചേർന്നു

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയും റഷ്യൻ ഓർത്തഡോക്സ് സഭയും തമ്മിലുള്ള ഉഭയകക്ഷി ബന്ധം ഏകോപിപ്പിക്കുന്നതിന് ഇരു സഭകളുടെയും പ്രതിനിധികളെ ഉൾപ്പെടുത്തി രൂപീകരിച്ച വർക്കിംഗ് ഗ്രൂപ്പിന്റെ രണ്ടാം യോഗം 2023 ഏപ്രിൽ 24 മുതൽ മോസ്കോയിൽ ചേർന്നു. മലങ്കര സഭയുടെ പ്രതിനിധിസംഘത്തിൽ ഏബ്രഹാം മാർ സ്തേഫാനോസ് മെത്രാപ്പോലീത്തായും ഫാദർ അശ്വിൻ ഫെർണാണ്ടസും ഉൾപ്പെട്ടിരുന്നു. മെത്രാപ്പോലീത്താ ലിയോനിഡ്, നാലംഗ റഷ്യൻ സംഘത്തിന് നേതൃത്വം നലകി.

റഷ്യൻ പാത്രിയർക്കീസ് പരിശുദ്ധ കിറിൽ പ്രതിനിധിസംഘത്തെ സ്വീകരിച്ചു. ഇരു സഭകളും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിന് ഡോ. പൗലോസ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായും ലെനിൻഗ്രാഡിലെ നിക്കോദിം മെത്രാപ്പോലീത്തായും നൽകിയ സംഭാവനകൾ പാത്രിയർക്കീസ് അനുസ്മരിച്ചു. പോൾ വർഗീസ് ആയിരുന്ന കാലം മുതലേ മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായെ പരിചയമുണ്ടായിരുന്നെന്ന് പരിശുദ്ധ കിറിൽ പറഞ്ഞു. മാർ സ്തേഫാനോസ് ഉൾപ്പെടെ ഏഴു മെത്രാപ്പോലീത്താമാരുടെ സ്ഥാനാഭിഷേക ചടങ്ങിൽ ഒരു റഷ്യൻ പ്രതിനിധി സംബന്ധിച്ച കാര്യം അദ്ദേഹം ഓർമിപ്പിച്ചു. ലെനിൻഗ്രാഡ് തിയോളജിക്കൽ അക്കാദമിയിൽ ഉപരിപഠനം നടത്തിയ ഇപ്പോഴത്തെ പരിശുദ്ധ കാതോലിക്കാ ബാവാ തിരുമേനിയുമായി വ്യക്തിബന്ധമുണ്ടെന്നും അദ്ദേഹം പറഞ്ഞു. കാതോലിക്കാ ബാവായെ റഷ്യ സന്ദർശിക്കുന്നതിന് ക്ഷണിക്കുകയും ചെയ്തു.

റഷ്യൻ വിശുദ്ധ മട്രോണയുടെ മദ്ധ്യസ്ഥതയിൽ പരിശുദ്ധ പൗലോസ് ദ്വിതീയൻ ബാവാ അഭയം പ്രാപിച്ചിരുന്നുവെന്നും ഈ വിശുദ്ധയെ മലങ്കര സഭ ആദരിക്കുന്നുണ്ടെന്നും ഏബ്രഹാം മാർ സ്തേഫാനോസ് മെത്രാപ്പോലീത്താ വെളിപ്പെടുത്തി. വിദ്യാഭ്യാസ-സാമൂഹ്യ-സന്യാസ മേഖലകളിൽ ഫലപ്രദമായി സഹകരണം വർദ്ധിപ്പിക്കണമെന്ന് അദ്ദേഹം പറഞ്ഞു. മോസ്കോയിലെ സെന്റ് അലക്സിസ് ആശുപത്രിയും പരുമല സെന്റ് ഗ്രിഗോറിയോസ് ആശുപത്രിയും തമ്മിൽ ആതുരസേന രംഗത്തെ അനുഭവങ്ങൾ പങ്കുവയ്ക്കണമെന്ന് മെത്രാപ്പോലീത്താ നിർദേശിച്ചു.

റഷ്യൻ സഭാതലവനായ പരിശുദ്ധ കിറിൽ പാത്രിയർക്കീസും പരിശുദ്ധ ബസേലിയോസ് മാർതോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായും 2019 സെപ്റ്റംബർ 4ന് മോസ്കോയിൽ നടന്ന കൂടിക്കാഴ്ചയെ തുടർന്നാണ് വർക്കിംഗ് ഗ്രൂപ്പ് രൂപീകരിച്ചത്. 2020 ഫെബ്രുവരിയിൽ പ്രഥമ യോഗം ചേർന്നു.

മലങ്കര സഭയും റഷ്യൻ സഭയും തമ്മിലുള്ളതു പതിറ്റാണ്ടുകളായുള്ള സജീവ ബന്ധമാണ്. പരിശുദ്ധ ബസേലിയോസ് മാർതോമ്മാ മാത്യൂസ് പ്രഥമൻ ബാവാ 1976ൽ റഷ്യ സന്ദർശിച്ചിരുന്നു. പരിശുദ്ധ പീമൻ പാത്രിയർക്കീസ് 1977ൽ മലങ്കരയിൽ എത്തിയിരുന്നു.

വി.ജെ.റ്റി.

You shall treat this fiftieth year as sacred.. It shall be a jubilee for you... (Lev 25:10)

50 YEARS OF MINISTRY IN CHRIST
VERY. REV. T. M. ABRAHAM COR EPISCOPA
Thundyil Joy Bhavan, Perissery East

Sacerdotal Golden Jubilee meeting
Inaugurated by
H.H. Baselios Marthoma Mathews III

Holy Qurbana conducted by
H.H. Bava Thirumeni
on 30-6-2023.

ചെങ്ങന്നൂർ, തുണ്ടിയിൽ
വന്ദ്യ ദിവ്യശ്രീ. റ്റി. എം ഏബ്രഹാം
കോർ – എപ്പിസ്കോപ്പായുടെ
പൗരോഹിത്യ സുവർണ്ണ
ജൂബിലിയോടാനുബന്ധിച്ച്
കൃതജ്ഞതാ ബലിയും
സമ്മേളനവും മാതൃഇടവകയായ
പേരിശ്ശേരി ഈസ്റ്റ് മാർ
ഗ്രീഗോറിയോസ് ഓർത്തഡോക്സ്
ഇടവകയിൽ വച്ച് ജൂൺ 30 ന്
പരിശുദ്ധ ബസേലിയോസ്
മാർത്തോമ്മാ മാത്യുസ് തൃതിയൻ
കാതോലിക്കാ ബാവായുടെ
മുഖ്യ കാർമികത്വത്തിൽ
അഭിവന്ദ്യ പിതാക്കന്മാരുടെ
മഹനീയ സാന്നിധ്യത്തിൽ
നടത്തപ്പെട്ടു.



Second Death Anniversary
(27-07-2023)

SUJI VARGHESE

(EX-SECRETARY OF SERVICE CO-OPERATIVE BANK, KUTTEMPEROOR)

MELEPANDIYIL HOUSE, CHENGANNUR

"There are no goodbyes where ever you are, you will always be in our heart" May your soul resst in the blossom of Abraham, Issac and Jacob.

YOU WILL BE ALWAYS REMEMBERED
By BELOVED FAMILY AND

PEUMA BUILDERS CHENGANNUR

Printed & Published by Diocesan Secretary | Owned by Diocese of Chengannur. PB No. 38, Bethel Aramana
Chief Editor Fr. Mathew Varghese Pulimoottil | Printed at Tara Offset, Chengannur. 0479 2452566